മി. സ്പീക്കർ: അടുത്തത് ചട്ടം 58 പ്രകാരമുള്ള നോട്ടീസിന്മേലുള്ള ചർച്ചയാണ്. അതുകഴിഞ്ഞ് ഒരു ചർച്ചകൂടി ഉള്ളതുകൊണ്ട് അവതാരകനും ചർച്ചയിൽ പങ്കെടുക്കുന്ന ആളുകളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിയും നിർബന്ധമായും സമയത്തിനകത്തുനിന്ന് സംസാരിക്കണമെന്ന് ചെയർ നിർദ്ദേശിക്കുന്നു. ചെയറിൽ ഇരിക്കുന്ന ആരായാലും കൃത്യസമയം കഴിയുമ്പോൾ ആവശ്യപ്പെടാതെ തന്നെ നിറുത്തണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

## ചട്ടം 58 പ്രകാരമുള്ള ചർച്ച

ശ്രീ. കെ. ശിവദാസൻ നായർ: സർ, അത്യന്തം ഗൗരവമുള്ളതും സംസ്ഥാനത്തിന്റെ ഗ്രാമീണ- കാർഷിക മേഖലയെ ബാധിക്കുന്നതുമായ ഒരു പ്രശ്നത്തെക്കുറിച്ചാണ് ചട്ടം 58 അനുസരിച്ച് ചർച്ചയ്ക്കായി നൽകിയിരിക്കുന്നത്. നബാർഡ് ഗ്രാമീണ-കാർഷിക മേഖലയ്ക്ക് വായ്പ നൽകുകയും തൊഴിലവസരങ്ങൾ കൂടുതലായി ഉണ്ടാക്കുകയും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നതിന് പണം നൽകുക എന്നുള്ളതാണ് പ്രധാനമായും ചെയ്തുവരുന്നത്. ഇപ്പോൾ ഉണ്ടായിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം, നാല് ഡിസ്ട്രിക്ട് ഓഫീസുകൾ നിർത്തലാക്കിയിരിക്കുകയാണ്. കോഴിക്കോട്, എറണാകുളം, പത്തനംതിട്ട, കൊല്ലം ഡിസ്ട്രിക്ട് ഓഫീസുകളാണ് നിർത്തലാക്കിയത്. പതിനാറ് ഡിസ്ട്രിക്ട് ഓഫീസുകൾ രാജ്യത്താക

മാനം നിർത്തലാക്കിയതിന്റെ ഭാഗമായി കേരളത്തിലെ നാല് ഓഫീസുകൾ നിർത്തലാക്കി എന്നാണ് മനസ്സിലാക്കുന്നത്. 1990-ലാണ് ഡിസ്ട്രിക്ട് ഓഫീസുകളുടെ പ്രവർത്തനം രാജ്യത്ത് ആരംഭിച്ചത്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിന്റെ മോണിട്ടറിംഗ്, സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളുടെ വായ്പകൾ, മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളുടെ വായ്പകൾ, പരിശീലന പരി പാടികൾ ഇവയുടെയെല്ലാം മോണിട്ടറിംഗും സൂപ്പർവിഷനും ഡിസ്ട്രിക്ട് ഓഫീസുകൾ വഴിയാണ് നടക്കുന്നത്. പക്ഷേ ഇത് നിർത്തലാക്കിയെന്ന് മാത്രമല്ല, എറണാകുളം, കൊല്ലം ഓഫീസുകൾ തിരുവനന്തപുര ത്തേയ്ക്കും പത്തനംതിട്ട ഓഫീസ് ആലപ്പുഴ ജില്ലയിലേയ്ക്കും കോഴി ക്കോട് മലപ്പുറത്തേയ്ക്കും അറ്റാച്ച് ചെയ്തു. വളരെ അക്ഷന്ത്യവായ തെറ്റാണ് നബാർഡിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. അതുകൊണ്ടു തന്നെ ഇത് പുനഃപരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി നബാർഡിനോട് ആവശ്യപ്പെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാ നുള്ളത്. അവർ പറയുന്നത്, ഡെവലപ്ഡ് ആയിട്ടുള്ള ജില്ലകളിലെ ഡിസ്ട്രിക്ട് ഓഫീസുകൾ നിർത്തലാക്കി നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റി ലേയ്ക്കും ജമ്മുകാശ്മീരിലേയ്ക്കും റീ-ലൊക്കേറ്റ് ചെയ്തുവെന്നാണ്. അതിന്റെ ആവശ്യമില്ല. കാരണം 2009-ൽ ഉഷാ തൊറാട്ട് കമ്മീഷന്റെ റിപ്പോർട്ടിൻപ്രകാരം ലീഡ് ബാങ്ക് സ്കീം നടപ്പിലാക്കിയപ്പോൾപ്പോലും ഡി.ഡി.എം. ഓഫീസുകൾ നിർത്തലാക്കണം, റീ-ലൊക്കേറ്റ് ചെയ്യണമെന്ന് പറഞ്ഞിട്ടില്ല. അവിടെ പുതിയ ഓഫീസുകൾ ആവശ്യമെങ്കിൽ തുടങ്ങണ

മെന്നല്ലാതെ നിലവിലുള്ളത് നിർത്തലാക്കി, അത് റീ-ലൊക്കേറ്റ് ചെയ്ത് മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊടുക്കണമെന്ന് പറയുന്നതിൽ അർത്ഥമില്ല. മാത്രമല്ല, മൈസൂർ, നാഗ്പൂർ, കോയമ്പത്തൂർ തുടങ്ങിയ ഡെവലപ്ഡ് ജില്ലകളിൽ നിലനിർത്തിക്കൊണ്ടാണ് കേരളത്തിലെ നാല് ജില്ലാ ഓഫീസുകൾ നിർത്തലാക്കിയിരിക്കുന്നതെന്ന ഗുരുതരമായ ഒരു സ്ഥിതിവിശേഷം കൂടിയുണ്ട്. ഇത് പുന:പരിശോധിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് നബാർഡിൽ സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് അക്കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ആദ്യം കാർഷിക വായ്പകൾക്കുവേണ്ടി പ്രത്യേകമായ ഒരു ഡിപ്പാർട്ടുമെന്റ് ഉണ്ടായിരുന്നു. 1961-ൽ എ.ആർ.സി. എന്ന റീ-ഫിനാൻസ് കോർപ്പറേഷനുണ്ടാക്കി. അതിനുശേഷം എ.ആർ.സി. എന്നത് എ.ആർ.ഡി.സി. എന്ന നിലയിലേയ്ക്ക് മാറി. 1982 വരെ അത് തുടർന്നു. 1982-ലാണ് ആർ.ബി.ഐ. മുൻകയ്യെടുത്ത് കാർഷിക ഗ്രാമ വികസനങ്ങൾക്കുവേണ്ടി പ്രത്യേകമായി നബാർഡ് എന്ന ഏജൻസി രൂപീകരിക്കുന്നത്. നബാർഡ് ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിനാണ് പ്രധാനമായും ഊന്നൽ നൽകേണ്ടതെന്ന് അതിന്റെ രൂപീകരണ വേളയിൽത്തന്നെ പറഞ്ഞിരുന്നതാണ്. പക്ഷേ സബ്സിക്വന്റായി നബാർഡ് ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റ് നൽകുന്നതിൽനിന്ന് മാറുന്നു, കാർഷിക മേഖലയ്ക്ക് വായ്പ നൽകുന്ന സഹകരണ മേഖലയിൽനിന്ന് പിൻമാറുന്നു, ഷോർട്ട്ടേം ലോൺ, അതായത് ക്രോപ് ലോണിലേയ്ക്ക് മാത്രം പതുക്കെപ്പതുക്കെ ശ്രദ്ധിക്കുന്നുവെന്നാണ്

ഇപ്പോൾ നമുക്ക് മനസ്സിലാകുന്നത്. കാർഷിക വായ്പയുടെ, നമ്മുടെ രാജ്യത്തെ സഹകരണ ബാങ്കുകളുടെ കോൺട്രിബ്യൂഷൻസ് 1982-ന് ശേഷം കുറഞ്ഞുവരുന്നതായി നമുക്ക് കാണാം. കൊമേഴ്സ്യൽ ബാങ്കിന്റെ വായ്പകൾ കൂടുന്നു. ക്രോപ് ലോൺ കൂടുന്നുവെന്നുള്ളതു കൊണ്ട് കൃഷിക്കാരുടെ വായ്പ ശരിയായ രീതിയിൽ കൃഷിക്കുവേണ്ടി കിട്ടുന്നുണ്ടോയെന്നുള്ള കാര്യം സംശയമാണ്. Highly subsidized വായ്പയാണ്; 7 ശതമാനമാണ് അൾട്ടിമേറ്റ് ബോറോവർക്കുള്ളത്. പക്ഷേ ക്രോപ് ലോൺ 30 ശതമാനം വരെ വർദ്ധിച്ചെങ്കിൽപ്പോലും അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ വർദ്ധിക്കുന്നില്ല. 2009-2010-ൽ -1 ശതമാനവും 2010-11-ൽ -7 ശതമാനവും 2011-12-ൽ -2.15 ശതമാനവുമാണ്. കുറയുകയാണ് ചെയ്തത്. 2012-13-ൽ പ്രൊജക്ട് ചെയ്തിരിക്കുന്നത് 4.5 ആണ്. പ്രൊഡക്ഷൻ സ്ലോഡൗൺ ആണ്. അതായത്, 30 ശതമാനത്തോളം ഈ കാലയളവിൽ ക്രോപ് ലോൺ ഇൻക്രീസ് ചെയ്തെങ്കിൽപ്പോലും അത് പ്രൊഡക്ഷനിൽ റിഫ്ളെക്ട് ചെയ്യാത്തത് എന്തുകൊണ്ടാണ്? ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിൽനിന്ന് നമ്മൾ പുറകോട്ട് പോകുന്നു. ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിൽനിന്ന് പുറകോട്ട് പോയാൽ കാർഷിക രംഗത്ത് ഇൻവെസ്റ്റ്മെന്റ് ഉണ്ടായാൽ അത് പ്രൊഡക്ഷനിൽ റിഫ്ളെക്ട് ചെയ്യണം. പക്ഷേ നമ്മൾ ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിൽ നിന്ന് പുറകോട്ടുപോകുന്നതായാണ് കാണുന്നത്. ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിലേയ്ക്ക് വരുന്നതിന് മുമ്പ് വളരെ പ്രധാനപ്പെട്ട ഒരു കാര്യം, സംസ്ഥാനത്തെ കാർഷിക ഗ്രാമ വികസന ബാങ്കിൽ

കിസാൻ ക്രെഡിറ്റ് കാർഡ്, ക്രോപ് ലോൺ ഇവ നൽകുന്നതിന് അനുമതി നൽകിക്കൊണ്ടിരുന്നു. പക്ഷേ നബാർഡ് കഴിഞ്ഞ വർഷം മുതൽ അത് നിർത്തലാക്കിയിരിക്കുന്നു. കാർഷിക ഗ്രാമ വികസന ബാങ്കിലൂടെ കിസാൻ ക്രെഡിറ്റ് കാർഡും (കെ.സി.സി.) ഷോർട്ട് ടേം ലോൺസും നൽകുന്നില്ല. ദീർഘകാല വായ്പയെടുക്കുന്ന ആളുകൾ അവരുടെ അടിയാധാരം മുഴുവൻ ഇവിടെ പണയപ്പെടുത്തിയിരിക്കുന്നതിനാൽ അവർക്ക് വേറൊരു ബാങ്കിൽ പോകാൻ നിവൃത്തിയില്ല. അങ്ങനെയുള്ള ആളുകൾക്ക് ഷോർട്ട്ടേം ക്രെഡിറ്റ് നൽകുന്ന പദ്ധതി നിർത്തലാക്കിയതിനെതിരെ നബാർഡിനേയും കേന്ദ്ര ഗവൺമെന്റിനേയും സംസ്ഥാന ഗവൺമെന്റ് സമീപിക്കണമെന്നും ഇത് പുന:സ്ഥാപിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. നബാർഡിന്റെ വായ്പകൾ കുറഞ്ഞുവരുന്നു എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റ് കുറയാൻ എന്താണ് കാര്യം? ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം, നബാർഡ് നൽകുന്ന വായ്പയുടെ പലിശ പത്ത് ശതമാനമാണ്. കാർഷിക മേഖലയിൽ ഇൻവെസ്റ്റ്മെന്റിനുവേണ്ടി കൊടുക്കുന്ന ദീർഘകാല വായ്പയുടെ പലിശ നബാർഡിന്റെ റേറ്റ് പത്ത് ശതമാനമാണ്. ഷോർട്ട്ടേം ക്രോപ്പിന് നാല്-നാലര ശതമാനംവച്ച് കൊടുക്കുമ്പോൾ ഇവിടെ ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിന് കൊടുക്കുന്നത് പത്ത് ശതമാനമാണ്. ഗ്യാരണ്ടി കമ്മീഷൻ ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾകൂടി വന്നുകഴിഞ്ഞാൽ അൾട്ടിമേറ്റ് ബോറോവർക്ക് 14 ശതമാനത്തിൽ കുറഞ്ഞ് വായ്പ കൊടുക്കാൻ നിവൃ

ത്തിയില്ലാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. ഇത് നബാർഡിന്റെ തെറ്റായ സമീപനമാണ്. നബാർഡ് പറയുന്നത്, ഞങ്ങൾ മാർക്കറ്റിൽനിന്ന് ബോറോ ചെയ്യുകയാണ്, ഞങ്ങൾക്ക് ഇതിൽ കുറച്ച് പണം കൊടുക്കാൻ നിവൃത്തിയില്ല എന്നാണ്. പക്ഷേ ഇന്ററസ്റ്റ് ഫ്രീയായിട്ടുള്ള കോർപ്പസിനെക്കുറിച്ച് അവർ മറക്കുകയാണ്. ഏഴ് ശതമാനം പലിശയ്ക്കെടുക്കുന്ന ക്രോപ് ലോൺ തിരിച്ചടയ്ക്കുമ്പോൾ അവർക്ക് കിട്ടുന്ന cushion അവർ മറക്കുന്നു. ഇതെല്ലാം മറന്ന് ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിന്റെ കാര്യം വരുമ്പോൾ ഞങ്ങൾ മാർക്കറ്റിൽനിന്ന് ബോറോ ചെയ്യുകയാണ് അതുകൊണ്ട് ഞങ്ങൾക്ക് ഇതിൽനിന്ന് ഇന്ററസ്റ്റ് റേറ്റ് കുറയ്ക്കാൻ നിവൃത്തിയില്ല എന്ന് പറഞ്ഞാൽ കാർഷിക രംഗത്ത് ഇൻവെസ്റ്റ്മെന്റിനുള്ള സാഹചര്യം ഇല്ലാതാക്കുകയാണ് നബാർഡ് ചെയ്യുന്നത്. അത് തെറ്റായ സമീപനമാണ്, അത് മാറ്റണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ നാട്ടിൽ നബാർഡിന്റെ ഏറ്റവും കൂടുതൽ പണം ഇപ്പോൾ ആർ.ഐ.ഡി.എഫ്.-ലൂടെയാണ് നമുക്ക് കിട്ടുന്നത്. 1995-96-ലാണ് ആർ.ഐ.ഡി.എഫ്. ഉണ്ടാകുന്നത്. അന്ന് ഫിനാൻസ് മിനിസ്റ്റർ പാർലമെന്റിൽ പറഞ്ഞത്, "..........inadequacy of public investment in agriculture today is a matter of great concern. This is an area, which is the responsibility of State, but many States have neglected investment in infrastructure for agriculture. There are many rural infrastructure projects, which have

been started but are lying incomplete for want of resources. They represent a major loss of potential income and employment in rural population." എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് നബാർഡ് ഈ രംഗത്തേയ്ക്ക് കടന്നുവന്നത്. എങ്ങനെയാണ് ആർ.ഐ.ഡി.എഫ്. ഫണ്ട് ഉണ്ടാകുന്നത്? പാലത്തിനും റോഡിനുമൊക്കെ നബാർഡിന്റെ ഫണ്ട് വരുന്നെന്ന് പറഞ്ഞു. ആർ.ഐ.ഡി.എഫ്. ഫണ്ട് എന്നു പറയുന്നത്, കൊമേഴ്സ്യൽ ബാങ്കുകൾ കാർഷിക വായ്പ കൊടുക്കുന്നതിന് ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്; അവരുടെ മൊത്തം വായ്പ 18 ശതമാനം കാർഷിക വായ്പയായിരിക്കണം എന്നാണ് പറയുന്നത്. ആ 18 ശതമാനത്തിൽ കുറവുവന്നുകഴിഞ്ഞാൽ ആ കുറവ് ആർ.ഐ.ഡി.എഫ്. ഫണ്ടിൽ നിക്ഷേപിക്കണം. അതാണ് സംസ്ഥാന ഗവൺമെന്റുകൾക്ക് നൽകുന്നത്. പക്ഷേ ഈ കാര്യത്തിൽ നബാർഡിന്റെ ഒരു തെറ്റായ സമീപനമുണ്ട്. ഒന്ന്, ഈ ആർ.ഐ.ഡി.എഫ്. ഫണ്ട് ഫിനാൻസ് ഡിപ്പാർട്ടുമെന്റാണ് മോണിട്ടർ ചെയ്യേണ്ടത്. അതിന്റെ നോഡൽ ഏജൻസി ഫിനാൻസ് ഡിപ്പാർട്ടുമെന്റാണ്. വലിയ കണ്ടീഷൻസൊക്കെ വച്ചുകൊണ്ട്, വലിയ പ്രൊസീഡ്യൂർ ഉള്ളതുകൊണ്ട്

ഓരോ പദ്ധതിക്കും സാങ്ഷൻ കിട്ടുന്നതിന് കാലതാമസം വരുന്നു. അതുകൊണ്ട് ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തമിഴ്നാട്, യു.പി. തുടങ്ങി ആർ.ഐ.ഡി.എഫ്. ഫണ്ട് വാങ്ങുന്ന കാര്യത്തിൽ പതിമൂന്നാമത്തെ സ്ഥാനത്താണ് നമ്മൾ എത്തിനിൽക്കുന്നത്. ആർ.ഐ.ഡി.എഫ്. ഫണ്ട് നമ്മുടെ സംസ്ഥാനത്ത് വേണ്ടത്ര കിട്ടുന്നില്ല. ഇതിന്റെ കണ്ടീഷൻസ്

മാറ്റേണ്ടിയിരിക്കുന്നു. കണ്ടീഷൻസ് മാത്രമല്ല, ഇപ്പോഴത്തെ പലിശ, 6.5 ശതമാനമെന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. കാർഷിക മേഖലയിൽ യഥാർത്ഥത്തിൽ അഞ്ച് ശതമാനം പലിശയ്ക്ക് നബാർഡിന് ഫണ്ട് കിട്ടുകയാണ്. .5 ശതമാനം നബാർഡ് ലാഭം എടുക്കുന്നു. അപ്പോൾത്തന്നെ 5.5 ശതമാനത്തിന് നമ്മൾ പണം നല്കണം, സംസ്ഥാനങ്ങൾ നൽകണം. പക്ഷേ ഇവിടെ 6.5 ശതമാനം എന്ന ഫ്ളാറ്റ് റേറ്റ് ഈടാക്കി സംസ്ഥാന ഗവൺമെന്റിന് പണം നൽകുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

ശ്രീ. സി.കെ. നാണു: സർ, വളരെ ഗൗരവമായ വിഷയങ്ങളാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. ഈ സാമ്പത്തിക നയം രൂപീകരിക്കുന്നതിന് അടിസ്ഥാനമായത് റിസർവ്വ് ബാങ്കിന്റെ നിലപാടുകളും കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളുമാണ്. അതാണ് നബാർഡിനെ ഈ രംഗത്തുനിന്ന്, കാർഷിക മേഖലയിൽ നിന്ന് മാറ്റാനുള്ള സാഹചര്യമെന്ന വിലയിരുത്തൽ താങ്കൾക്കുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: ബഹുമാനപ്പെട്ട നാണുവേട്ടൻ, നമ്മൾ വളരെ ഗൗരവമായിട്ടുള്ള കാര്യങ്ങൾ സംസാരിക്കുകയാണ്. അതിനകത്ത് പൊളിറ്റിക്കലായിട്ടുള്ള കാര്യങ്ങൾ ചോദിക്കേണ്ട കാര്യമില്ല. ഞാൻ വളരെ പ്രധാനപ്പെട്ട ചില വിഷയങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്. RIDF ഫണ്ട് എല്ലാ സംസ്ഥാനങ്ങൾക്കും പ്രയോജനപ്പെടണം. കാർഷിക വായ്പ നൽകുന്നതിൽ വരുത്തുന്ന ഷോർട്ട്ഫാൾ ആണ് RIDF

ഫണ്ട്. ഷോർട്ട്ഫാൾ ഒരു പോർഷൻ കാർഷിക വായ്പ തന്നെ കൊടുക്കുന്നതിനുവേണ്ടിയുണ്ടാകണം. ഷോർട്ട്ഫാൾ വരുത്തുന്ന കൊമേഴ്സ്യൽ ബാങ്കുകൾക്ക് ഒരു ഇൻസെന്റീവ് കൊടുക്കുന്ന തരത്തിൽ, അവർക്ക് പലിശ നൽകിക്കൊണ്ട് RIDF ഫണ്ട് ഉണ്ടാക്കുന്നത് ശരിയല്ല. RIDF ഫണ്ട് ഇത്രയും കാലതാമസമുണ്ടായി; ഈ സംസ്ഥാനത്തുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ, എസ്കലേഷൻ കോസ്റ്റ് നൽകുമെന്ന് പറയുന്നുണ്ടെങ്കിൽപ്പോലും എസ്കലേഷൻ കോസ്റ്റിന് ഡിമാൻഡ് ചെയ്യാറില്ല. നമ്മുടെ സംസ്ഥാനം ഏറ്റവും കൂടുതൽ ശ്രദ്ധിച്ചുകഴിഞ്ഞാൽ വിദ്യാഭ്യാസം, തീരദേശം ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, ഇറിഗേഷൻ തുടങ്ങിയ എല്ലാ മേഖലകളിലും നബാർഡിന്റെ ഫണ്ട് നമുക്ക് വാങ്ങാൻ കഴിയും. പക്ഷേ നമ്മുടെ പല ഡിപ്പാർട്ട്മെന്റുകളും അതനുസരിച്ച് പ്രവർത്തിച്ചുകാണുന്നില്ല. അതുകൊണ്ട് നമ്മുടെ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പ്രത്യേക ശ്രദ്ധ ചെലുത്തി, ഡിപ്പാർട്ട്മെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്ത് കൂടുതൽ പദ്ധതികളുണ്ടാക്കണം. ഒരു വർഷം കുറഞ്ഞു കഴിഞ്ഞാൽ അടുത്ത വർഷം അതിനാനുപാതികമായി മാത്രമേ നമുക്ക് ഫണ്ട് കിട്ടുകയുള്ളു. അത് വളരെ ഗൗരവമായിത്തന്നെ കാണണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ജി. സുധാകരൻ : സർ, നാഷണൽ അഗ്രിക്കൾച്ചർ റൂറൽ ഡവലപ്മെന്റ് ബാങ്ക് അഥവാ നബാർഡിനെക്കുറിച്ച്, പ്രമുഖ സഹകാരി കൂടിയായ ശ്രീ. ശിവദാസൻ നായർ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത് നാല് ജില്ലാ ഓഫീസുകൾ നിറുത്തലാക്കുന്നതിനെക്കുറിച്ചാണ്. അത് അപലപനീയമാണ്. അത് പുനസ്ഥാപിക്കണമെന്ന ആവശ്യത്തോട് ഞാനും ശക്തമായി യോജിക്കുകയാണ്. അനൗദ്യോഗികമായി കിട്ടിയ കണക്കനുസരിച്ച് 14-ൽ നാല് എന്ന സ്ഥാനത്ത് 16 എണ്ണം നിറുത്തലാക്കാൻ പോകുന്നുവെന്നും അതിൽ കേരളത്തിലെ ആറ് ഓഫീസുണ്ടെന്നുമാണ് അനൗദ്യോഗികമായി കിട്ടിയ വിവരം. ഔദ്യോഗികമായി കൺഫർമേഷൻ ഇല്ലാത്തതുകൊണ്ട് ഞാൻ അക്കാരര്യം ഇവിടെ ഉറപ്പിച്ചുപറയാൻ ആഗ്രഹിക്കുന്നില്ല. മുപ്പത് വർഷക്കാലമായി പ്രവർത്തിക്കുന്ന നബാർഡ് കഴിഞ്ഞ കുറേ വർഷങ്ങളായി അതിന്റെ ലക്ഷ്യങ്ങളിൽനിന്ന് മാറിപ്പോയിരിക്കുകയാണ്. പരിണതപ്രജ്ഞനായ ശ്രീ. സി. കെ. നാണു ചൂണ്ടിക്കാണിച്ചതുപോലെ ലക്ഷ്യത്തിൽ നിന്ന് അവർ മാറിക്കൊണ്ടിരിക്കുകയാണ്. 2010-ലെ ഇക്കണോമിക് റിവ്യു പരിശോധിച്ചാൽ നമുക്ക് തന്നിട്ടുള്ള നബാർഡിന്റെ വായ്പയിൽ 71.43 ശതമാനവും നോൺഫാം സെക്ടറിലാണ്. ഇത് ഔദ്യോഗികമായ പ്ലാനിംഗ് ബോർഡിന്റെ കണക്കാണ്. ബാക്കിയുള്ള 29.67 ശതമാനത്തിൽ ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് വെറും 17 ശതമാനമേയുള്ളൂ. ടഒഏ-ക്ക് 7.25 -ഉം ലാൻഡ് ഡെവലപ്മെന്റിന് 2.58 -ഉം

പ്ലാന്റേഷൻ ആന്റ് ഹോർട്ടികൾച്ചറിന് 2.03 –ഉം മാറിക്കഴിഞ്ഞാൽ നമ്മുടെ നാട്ടിലെ കൃഷിക്കാരുടെ ഷോർട്ട്ടേം ലോൺ, കേന്ദ്രം നിജപ്പെടുത്തിയ 7 ശതമാനം പലിശയ്ക്ക് ലോൺ കൊടുക്കാൻ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സ്റ്റേറ്റ് ബാങ്ക് വഴി കിട്ടുന്നത് 17 ശതമാനമേയുള്ളൂ. അതിൽ നമ്മുടെ സ്റ്റേറ്റ് അഗ്രിക്കൾച്ചർ ഡെവലപ്മെന്റ് ബാങ്കിന് കിട്ടുന്ന പണവുമുണ്ട്. അപ്പോൾ ലക്ഷ്യത്തിൽനിന്ന് മാറിക്കഴിഞ്ഞു. ഇതിനുവേണ്ടിയായിരുന്നില്ല അതുണ്ടാക്കിയത്. റിസർവ്വ് ബാങ്കിന്റെ ഇപ്പോഴത്തെ ഗവർണ്ണർ ഈയിടെ നടത്തിയ ഒരു പ്രസംഗമുണ്ട്. 2012 ജൂലൈ 12 –ന് ബോംബെയിൽ നബാർഡിന്റെ മുപ്പതാം വർഷികത്തിനോടനുബന്ധിച്ച ഒരു ഫംഗ്ഷനിൽ അദ്ദേഹം പ്രസംഗിച്ചു. Everything else we can wait but not agriculture എന്നത് അദ്ദേഹത്തിന്റെ വാക്കുകളല്ല. സ്വാതന്ത്ര്യം കിട്ടിയശേഷം നെഹ്റു പറഞ്ഞ അഭിപ്രായമാണിത്. നെഹ്റുവിന്റെ ചില ആദർശങ്ങൾ ഈ സഭയിൽ നിരവധി തവണ ഞാൻ ഉന്നയിക്കുന്നതാണ്. എല്ലാവരും അതംഗീകരിക്കേണ്ടതാണ്. രാഷ്ട്രീയമായൊന്നും നമ്മളത് മാറ്റിവയ്ക്കേണ്ടതല്ല. നെഹ്റുവിന്റെ കാഴ്ചപ്പാടിലാണ് നബാർഡ് പോലുള്ള സ്ഥാപനങ്ങളൊക്കെയുണ്ടായത്. അതിൽനിന്നൊക്കെ നബാർഡ് മാറുകയാണ്. നബാർഡ് അത്തരത്തിൽ മാറുമ്പോൾ, മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ കുഴപ്പമുണ്ടാക്കിയപ്പോൾ കേന്ദ്ര ഗവൺമെന്റ് അതിനെ പിരിച്ചുവിടുകയും സി.ബി.ഐ. എൻക്വയറി നട

ത്തുകയും ചെയ്തു. എ.ഐ.സി.റ്റി.ഇ.-യിൽ അഴിമതി നടന്നപ്പോഴും റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡിൽ അഴിമതി നടന്നപ്പോഴുമൊക്കെ അവരുടെ പേരിൽ നടപടി വന്നു. അതുപോലെ നബാർഡിന്റെ പേരിലും അവരുടെ വഴിവിട്ട പ്രവർത്തനങ്ങളുടെ പേരിലും അന്വേഷണം ആവശ്യമാണ്. ഈ ഓഫീസുകൾ പൂട്ടുന്നതടക്കമുള്ള അന്വേഷണം വേണം. കേന്ദ്ര ഗവൺമെന്റിന്റെ ഇക്കണോമിക് വിജിലൻസ് വിംഗ് ഫൈൻഡിംഗ് നടത്തി ഒരു സി.ബി.ഐ. എൻക്വയറി ആവശ്യമാണെന്ന് ഞാൻ മിനിസ്റ്റർ ആയിരുന്നപ്പോൾ ആവശ്യപ്പെട്ടതാണ്. ഞാനത് വീണ്ടും ഉന്നയിക്കുകയാണ്. കേരളത്തോട് കാണിക്കുന്ന നബാർഡിന്റെ ഈ ക്രൂരതയ്ക്ക് ഒരുപാട് ഉദാഹരണങ്ങളുണ്ട്. അതിൽ ഏറ്റവും ഒടുവിലത്തേതാണ് ശ്രീ. ശിവദാസൻ നായർ ഇവിടെ ചൂണ്ടിക്കാണിച്ചത്. സഹകാരിയായതുകൊണ്ട് അദ്ദേഹത്തിനത് ഉന്നയിക്കാതിരിക്കാനാവില്ല. 2008, 2009, 2010 എന്നീ മൂന്ന് വർഷം നയാപൈസ നബാർഡ് ലോൺ തന്നില്ല. കേരള സംസ്ഥാനത്ത് കോ-ഒപ്പറേറ്റീവ് സെക്ടറിൽ ഒരു പൈസ പോലും നബാർഡ് ഷോർട്ട്ടേം ലോൺ തന്നില്ല. ഇത് എന്ത് ന്യായത്തിന്റെ പേരിലാണ്? എന്തെങ്കിലും ന്യായമുണ്ടെങ്കിൽ അത് പരിഹരിക്കുകയല്ലേ വേണ്ടത്. കൃഷിക്കാർക്ക് ലോൺ തരുന്നില്ല. പക്ഷേ 2000 കോടി രൂപ മുതൽ 2200 കോടി രൂപ വരെ ഷോർട്ട്ടേം അഗ്രിക്കൾച്ചർ ലോൺ 2008-ലും 2009-ലും കൊടുത്തു. ഈ ഗവൺമെന്റും കൊടുക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പറഞ്ഞ 7 ശതമാനം പലിശയ്ക്ക് നമ്മൾ ഷോർട്ട്ടേം ലോൺ കൊടു

ക്കുന്നത്, പത്ത് ശതമാനം പലിശയ്ക്ക് ഡെപ്പോസിറ്റ് എടുക്കുന്നത് നമ്മുടെ സ്വന്തം ഫണ്ടുകൊണ്ടാണ്. ഇതാണ് നബാർഡിന്റെ പ്രവർത്തന മെന്ന് പറയുന്നത്. നബാർഡ് ഈ ഓഫീസുകൾ നിറുത്തുന്നതിന് അവിടെ ആളില്ല, മറ്റ് സൗകര്യങ്ങളില്ല എന്നൊക്കെയാണ് പറയുന്നത്. കൊല്ലത്തുകാരും എറണാകുളത്തുകാരും തിരുവനന്തപുരത്ത് വരട്ടെ, പത്തനംതിട്ടക്കാർ ആലപ്പുഴ വരട്ടെ, കോഴിക്കോടുകാർ എവിടെയെങ്കിലും പോകട്ടെ എന്നൊക്കെ പറയാനുള്ള അധികാരം ഇവർക്കുണ്ടോ? ഗ്രാമങ്ങ ളിലേയ്ക്ക് പോകുക എന്നതിന് പകരം ഗ്രാമമേഖലകളിലുള്ള ഓഫീസു കൾ പട്ടണങ്ങളിലേയ്ക്ക് പറിച്ചുനട്ടുകൊണ്ട് നബാർഡ് കളിക്കുന്ന കളി യെന്താണ്? നബാർഡിന്റെ ഉന്നതശ്രേണിയിലുള്ളവർ പെരുമാറുന്നതും ജീവിക്കുന്നതും വേൾഡ് ബാങ്ക് ഉദ്യോഗസ്ഥരെപ്പോലെയാണ്. അത് നിഷേധിക്കാൻ കഴിയുമോ? ഒരുദ്യോഗസ്ഥൻ ഒരു ദിവസം ചെലവഴിക്കു ന്നതെത്രരൂപയാണ്? അവർ താമസിക്കുന്നത് ഉന്നതമായ ഫൈവ്സ്റ്റാർ/സെവൻസ്റ്റാർ ഹോട്ടലുകളുടെ റെന്റ് എത്രയാണ്? ഇതി നൊക്കെ പണമെവിടെനിന്നാണ്? നബാർഡിന്റെ ഹെഡ് ക്വാർട്ടേഴ്സും ഇവിടത്തെ മന്ത്രിമാരുടെ ഓഫീസും നോക്കൂ. സെക്രട്ടേറിയറ്റിലെ മന്ത്രിമാ രുടെ ഓഫീസും നബാർഡിലെ ഉദ്യോഗസ്ഥരുടെ ഓഫീസും തമ്മിൽ നോക്കിയാൽ ഇതൊക്കെ സാധാരണ ഓഫീസുകൾ. അവിടെ വലിയ കുബേരൻമാരുടെ ബംഗ്ലാവുപോലെയുള്ള സംവിധാനങ്ങളാണ്. ഈ പൈസ ഈ നാട്ടിലെ പാവപ്പെട്ട കൃഷിക്കാരുടെയല്ലേ? വേൾഡ് ബാങ്ക്

ഉദ്യോഗസ്ഥരെപ്പോലെയാണ് അവർ പെരുമാറുന്നനത്; കോർപ്പറേറ്റ് മേധാവികളെപ്പോലെ പെരുമാറുകയാണ്. അവർ കുറേ ഇക്കണോമിക്സും കണക്കുമൊക്കെ പഠിച്ചിട്ട് നല്ല ഇംഗ്ലീഷിൽ വർത്തമാനം പറയുമ്പോൾ എല്ലാമായി എന്നാണോ? ഞാൻ പ്ലാനിംഗ് ബോർഡിലെ ചില ആളുകളെപ്പറ്റി പറഞ്ഞതുപോലെ പാന്റുമിട്ട് ബെൽറ്റുംകെട്ടി കോട്ടുമിട്ട് ഇംഗ്ലീഷും പറഞ്ഞുകഴിഞ്ഞാൽ പ്ലാനിംഗ് ആകുമെന്ന് തെറ്റിദ്ധരിക്കുന്ന കുറെ ആളുകളുണ്ട്. അതിന് ഡ്രസ്സുമായിട്ടൊന്നും ബന്ധമില്ല. അത് പ്രതിബദ്ധതയാണ്. അങ്ങനെ നബാർഡ് വഴിതെറ്റിപ്പോയിരിക്കുകയാണ്. ഗ്രാമീണ ദുരിതങ്ങളുമായി അവർ പൊരുത്തപ്പെടുന്നില്ല. അതിന്റെ ഫലമായി കോ-ഓപ്പറേറ്റീവ് രംഗത്തുള്ള ഒരു വിഭാഗം പ്രവർത്തകരടക്കം ഇവരെ കണ്ട് ശീലിച്ചതിന്റെ ഫലമായിട്ടാണ് കേരളത്തിലെ കോ-ഓപ്പറേറ്റീവ് മേഖലയിൽ വഴിവിട്ട പ്രവർത്തനം നടക്കുന്നത്. എനിക്ക് ശ്രീ. ശിവദാസൻ നായരോട് സന്തോഷമുണ്ട്. ഒരു സാധാരണ മുണ്ടും ഉടുപ്പുമാണ് അദ്ദേഹം ധരിക്കുന്നത്. ഞാനും അങ്ങനെയാണ്. നമ്മളൊക്കെ സഹകാരികളാണ്. ഇവിടെയിരിക്കുന്ന മിക്കവാറും സഹകാരികൾ അങ്ങനെയാണ്. വളരെ ലളിതമായി ജീവിക്കുന്നവരാണ് സഹകാരികൾ. സഹകാരികൾ ഒരു വിഭാഗം നബാർഡുമായി ബന്ധപ്പെട്ടുകഴിഞ്ഞാൽ വഴി തെറ്റിക്കുന്നതാണ് കാണാൻ കഴിയുന്നത്. ഇവിടെ രഷ്ട്രീയമൊന്നും പറയുകയല്ല. പക്ഷേ റീ-ഫിനാൻസിംഗ് സപ്പോർട്ടിനെപ്പറ്റി, നബാർഡിന്റെ സപ്പോർട്ടിനെപ്പറ്റി, 2010-ലെ ഇക്കണോമിക് റിവ്യൂ പറയുന്നതും 2011-ലെ ഇക്കണോമിക്

റിവ്യൂവിൽ പറയുന്നതും തമ്മിൽ മൗലികമായ ഒരു വ്യത്യാസം എങ്ങനെ വന്നുവെന്നത് ഗവൺമെന്റ് പരിശോധിക്കണം. ഇക്കാര്യംകൊണ്ടുമാത്രം ഞാൻ പരിശോധിച്ചതാണ്. പ്ലാനിംഗ് ബോർഡിനകത്ത് നിങ്ങളാരും അറിയാതെ പൂട്ടുകച്ചവടം നടക്കുകയാണ്. 2010-ലെ ഇക്കണോമിക് റിവ്യു-ൽ പറഞ്ഞു, Investment credit facilitates necessitate capital formation in agriculture, which considered to be a pre-requisite for upgrading the technology and improving resource use efficiency in agriculture. NABARD provides refinance for investment credit at concessional rates of interest, facilitates augmenting the flow of investment credit at the ground level through various policy initiatives/programmes എന്നാണ്. ഇതാണ് നബാർഡ് ചെയ്യണമെന്നുപറയുന്നത്, പക്ഷേ ചെയ്യാതിരിക്കുന്നതും ഇതാണ്. 2010-ൽ വീണ്ടും പറഞ്ഞു, Under purpose wise disbursement of refinance, non-farm sector received higher share (71.43%) followed by other sectors only 17% for short term agriculture credit എന്ന് പറയുകയുണ്ടായി. Under farm sector, the refinance disbursement has shown a continuous declining trend. അതാണ് നബാർഡ് ലക്ഷ്യത്തിൽനിന്ന് മാറിയെന്ന് പറയുന്നത്. അതിന്റെ ഏറ്റവും ഒടുവിലത്തെ വിളംബരമാണ് ഈ ഓഫീസുകൾ നിർത്തലാക്കിയത്. പാവപ്പെട്ട കൃഷിക്കാർക്ക് ലോൺ കൊടുക്കാൻ ഫെസിലിറ്റേറ്റ് ചെയ്യാനു

ള്ളതാണ് ഇവ. ....sectors like fisheries and poultry which are very important in the rural economy remained to below 1% of their total loan as in the previous year. മുൻ വർഷത്തെപ്പോലെ അതിലൊന്നും കൊടുക്കുന്നില്ല. 2011-ലെ ഇക്കണോമിക് റിവ്യൂവിൽ വലിയൊരു കളിയാണ് കളിച്ചിരിക്കുന്നത്. അതെന്താണെന്നുവച്ചാൽ എല്ലാ വർഷവും പ്ലാൻ റിവ്യൂ ബുക്കിന്റെ നാലമത്തെ അദ്ധ്യായത്തിൽ പതിനേഴ് പേജോളം കോ-ഓപ്പറേറ്റീവ് സെക്ടറിനും നബാർഡിനുമുണ്ടായിരുന്നു. അത് ആറാം അദ്ധ്യായത്തിലേയ്ക്ക് ഇടിച്ചുതാഴ്ത്തിയിരിക്കുകയാണ്. വെറും ഏഴ് പേജാണ് മാറ്റിവെച്ചിരുന്നത്. നബാർഡ് എന്നുള്ള ഒരു വാക്ക് അതിനകത്തില്ല. പകരം ബാങ്കിംഗ് ഫിനാൻസ് എന്നുപറയുന്ന ഒരു മേഖലയിൽ ഈ രാജ്യത്തെ കോർപ്പേറേറ്റ് ബാങ്കുകളൊടൊപ്പം നബാർഡിനെ കൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ട് നബാർഡിന് വന്ന മാറ്റം ആഗോളവൽക്കരണവുമായി ബന്ധപ്പെട്ടാണെന്ന് ശ്രീ. സി. കെ. നാണു പറഞ്ഞതിനെ തള്ളിക്കളയേണ്ട. സാധാരണ കോ-ഓപ്പറേറ്റീവ് റൂറൽ ഫൈനാൻസുമായി ബന്ധപ്പെടുത്തിയാണ് നബാർഡിനെ പരാമർശിച്ചിരുന്നത്, അതവിടെ കൊണ്ടുപോകേണ്ട കാര്യമെന്താണ്? ഇവിടെ പട്ടംതാണുപിള്ളയോ ആർ. ശങ്കറോ അതല്ലെങ്കിൽ കരുണാകരനോ ശ്രീ ആന്റണിയോ കഴിഞ്ഞതവണത്തെ ഉമ്മൻ ചാണ്ടി ഗവൺമെന്റോ ചെയ്യാത്ത ഒരു കാര്യം ഇത്തവണ പ്ലാനിംഗ് ബോർഡ് ചെയ്തിരിക്കുകയാണ്. സ്ഥാനം മാറ്റിയത് കണ്ടുപിടിക്കാൻ വളരെ പ്രയാസമാണ്. എന്ന്

മാത്രമല്ല വളരെ വികലമായ തരത്തിൽ നബാർഡിനെ അവിടെ വെള്ളപൂശിയിരിക്കുകയുമാണ്. നോൺ ഫാം സെക്ടറിന് മെജോറിറ്റി ഷെയറും പോയി എന്ന് സമ്മതിക്കേണ്ടി വന്നിട്ടും, ആ മെജോറിറ്റി ഷെയർ 26 ശതമാനം മാത്രമാണെന്നുള്ള കള്ളക്കണക്കാണ് 2011-ലെ പ്ലാനിംഗ് റിവ്യുവിൽ കാണിച്ചിരിക്കുന്നത്. മെജോരിറ്റി ഷെയർ പോയി എന്ന് ഒരിടത്ത് എഴുതിവെയ്ക്കുകയും ബ്രായ്ക്കറ്റിൽ 26 ശതമാനം എന്ന് എഴുതി വെച്ചിരിക്കുകയുമാണ്. കാർഷിക ഹ്രസ്വകാല വായ്പയ്ക്ക് എത്ര ശതമാനമാണെന്ന് പറയാതെ ഇവിടത്തെ സഹകാരികൾക്കും സാധാരണ വായിക്കുന്നവർക്കും പെട്ടെന്ന് മനസ്സിലാകാതിരിക്കാൻ സ്ഥാനം പോലും തെറ്റിച്ചുകൊണ്ട് നമ്മുടെ പ്ലാൻ റിവ്യൂവിൽ നബാർഡിന്റെ കള്ളക്കളിക്ക് കൂട്ടുനിൽക്കുന്നതായിട്ടാണ് ഞാൻ കാണുന്നത്. ഇത് ഗവൺമെന്റ് തിരുത്തണം. നബാർഡ്, എൻ.സി.ഡി.സി, ആർ.ഐ.ഡി.എഫ്., കിസാൻക്രെഡിറ്റ് എന്നീ കാര്യങ്ങൾ കോ-ഓപ്പറേറ്റീവ് മേഖലയിലാണ് വന്നിരുന്നത്. അവിടെനിന്ന് അത് ബാങ്കിംഗ് ഫിനാൻസ് മേഖലയിലേക്ക് മാറ്റി. ഫിനാൻസ് മൂലധനത്തോട് അടുത്തുപോകാൻ നമ്മുടെ നാട്ടിലെ കോ-ഓപ്പറേറ്റീവ് മൂലധനത്തിന് കഴിയാത്തതുകൊണ്ട് കോ-ഓപ്പറേറ്റീവ് രംഗത്തെ മൂലധന വർദ്ധനവിനെ സഹായിക്കാൻ നബാർഡിന്റെ സഹായം അവിടെ നിന്ന് മാറ്റി ഫൈനാൻസ് മേഖലയിലേക്ക്, സാധാരണ ബാങ്കിംഗ് മേഖലയിലേയ്ക്ക് കൊണ്ടുപോകുന്നത് നമ്മൾ കാണാതിരുന്നുകൂടാ. ഇത് രാഷ്ട്രീയമല്ല. ഇവിടെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

സംസാരിക്കുമ്പോൾ ഞാനിവിടെ ഇല്ലായിരുന്നു. ഭരണഘടനയിൽ വന്ന ഭേദഗതി ഞാൻ അംഗീകരിക്കുന്നു. ഭരണഘടനയിൽ കോ-ഓപ്പറേറ്റീവ്സിന് പഞ്ചായത്തിനോടും മുനിസിപ്പാലിറ്റിയോടും സഹകരണം വച്ചത് അംഗീകരിച്ചുകൊണ്ടുതന്നെ പറയട്ടേ, കേരളത്തിലെ സഹകരണ നിയമത്തിൽ ഇല്ലാത്ത, നമുക്ക് വിനാശകരമായ വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ചുള്ള സമീപനങ്ങൾ നബാർഡ് തുടങ്ങിക്കഴിഞ്ഞു, ഞാൻ അത് വേദനയോടുകൂടി ഓർക്കുകയാണ്. 2010 ഡിസംബർ മാസത്തിൽ ബഹുമാന്യനായ ശ്രീ. പ്രണബ്കുമാർ മുഖർജി - അദ്ദേഹം പ്രസിഡന്റ് സ്ഥാനാർത്ഥിയാണ്, നമ്മളെല്ലാവരും വോട്ട് ചെയ്താണ്. ബഹുമാന്യനും ആദരണീയനും ആ സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ ഏറ്റവും കോമ്പീറ്റന്റായ ആളുമാണ് - കേന്ദ്ര സഹകരണ വകുപ്പിന്റെ അഭ്യർത്ഥന പ്രകാരം ഒരു കോൺഫറൻസ് വിളിച്ചു. എല്ലാ ഉദ്യോഗസ്ഥന്മാരുമുണ്ടായിരുന്നു, കോൺഗ്രസ്സിന്റെയും എൽ.ഡി.എഫ്.-ന്റെയും എം.പി. മാരുണ്ടായിരുന്നു. കേരള കോൺഗ്രസ് എം.പി. -യുമുണ്ടായിരുന്നു. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നിങ്ങൾ നടപ്പിലാക്കിക്കൊള്ളൂ. പക്ഷേ ഞങ്ങൾക്ക് രണ്ട് റിക്വസ്റ്റ് മാത്രമേയുള്ളൂ. ഒന്ന് 1959-ലെ കേരള നിയമസഭയിൽ റ്റി.എ. തൊമ്മൻ പ്രസ്താവിച്ചതുപോലെ അഖിലേന്ത്യാ അടിസ്ഥാനത്തിൽ നിയമം വേണം, പക്ഷേ സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾ അഡ്ജസ്റ്റ് ചെയ്തുകൊണ്ടുള്ള നിയമം മാത്രമേ കൊണ്ടുവരാവൂ. കാരണം വൈവിധ്യത്തിലെ ഏകത്വമാണ് ഇന്ത്യ എന്ന് നാം കണ്ടെത്തിക്കഴിഞ്ഞപ്പോൾ

ഇതെല്ലാം ഏകാധിപത്യപരമായി കൊണ്ടുവരാൻ പാടില്ല എന്ന തത്വം അദ്ദേഹവും അന്നു പറഞ്ഞു. അന്നും ഇന്നും അതേ നമ്മൾ അപേക്ഷിച്ചിട്ടുള്ളൂ. കേരളത്തിലെ ബാങ്കുകൾ എന്ന പേര് എടുത്തുകളയരുത്. കാരണം കേരളത്തിലെ ബാങ്ക് നമ്മുടെ അന്ന ദാതാവാണ്, എല്ലാമെല്ലാമാണ്. 3 കോടി ജനങ്ങളുള്ള കേരളത്തിൽ കോ-ഓപ്പറേറ്റീവ് അംഗസംഖ്യ മൂന്നര കോടിയാണെന്ന് പറയുമ്പോൾ ഒരാൾതന്നെ എത്രയോ സഹകരണ സംഘങ്ങളിൽ മെമ്പറാകുന്ന ആ സഹകരണ സംസ്കാരമാണുള്ളത്. രണ്ടാമതായി ഞങ്ങൾക്കിവിടെ ഓണച്ചന്ത, റംസാൻ ചന്ത, ബക്രീദ് ചന്ത, ക്രിസ്മസ് ചന്ത, വിഷു ചന്ത എന്നിവ നടത്തണം. കൂടാതെ, പട്ടിണിയുള്ള നാട്ടിൽ അരി വില കുറച്ച് കൊടുക്കുക, പഠിക്കുന്ന കുഞ്ഞുങ്ങൾക്ക് സ്കോളർഷിപ്പ് കൊടുക്കുക അങ്ങനെയുള്ള ധാരാളം ദാനകർമ്മൾ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് അവരുടെ ലാഭത്തിൽനിന്നെടുത്ത് നടത്താൻ സാധിക്കും. അതിന് സഹായകരമായ ഇളവുകളുണ്ടാകണം. എല്ലാ കാര്യത്തിനും റിസർവ്വ് ബാങ്കിന്റെ ലൈസൻസ് വാങ്ങണമെന്ന നിബബന്ധന ഒഴിവാക്കണമെന്നും ഈ മേഖല റിസർവ്വ് ബാങ്കിന്റെ കംപ്ലീറ്റ് കൺട്രോളിൽ കൊണ്ടുവരുന്നതിൽനിന്ന് ഞങ്ങൾക്ക് ഒന്നുരണ്ട് എക്സംഷൻ വേണമെന്നും മാത്രമേ പറയുന്നുള്ളൂ. അദ്ദേഹം അത് അംഗീകരിച്ചുകൊണ്ട് നോട്ട് അയച്ചുതന്നു. ആ കോൺഫറൻസിൽ വച്ച് ഇതെല്ലാം നബാർഡിന്റെ അഭിപ്രായത്തിന് അയയ്ക്കണമെന്ന് അദ്ദേഹം പറഞ്ഞു. നബാർഡ് 'യെസ്' എന്നല്ലേ പറയുകയുള്ളൂ എന്നു

ഞങ്ങൾ കരുതി, എന്നാൽ നബാർഡ് 'നോ' എന്ന് അയച്ചു. കഴിഞ്ഞ തവണ ഞാൻ തുടങ്ങിയതും ശ്രീ. സി. എൻ. ബാലകൃഷ്ണൻ സാർ തുടർന്നതുമായ ഒരു ചന്തയും ഇനി നടത്താൻ സാധിക്കില്ല. റിസർവ്വ് ബാങ്ക് അതിന് സമ്മതിക്കില്ല, നാഷണലൈസ്ഡ് ബാങ്കും ഷെഡ്യൂൾഡ് ബാങ്കും നടത്താത്ത ഒരു കാര്യവും നടത്താനാവില്ല. 1605 പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ 50 എണ്ണം പോലും നിലനിൽക്കുന്നില്ല. അതെല്ലാം തകരാൻ പോകുകയാണ്. കോർപ്പറേറ്റ് മൂലധനവുമായി, ഫൈനാൻസ് മൂലധനവുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിലെ കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ മുഴുവൻ കൃഷിക്കാരെയും സാധാരണക്കാ രെയും തകർക്കുന്ന നബാർഡിന്റെ ഈ തെറ്റുകൾക്കെതിരെ ശക്തമായി പറയുന്നതാണ് ഈ പ്രമേയം. ഞാനും അദ്ദേഹം പറഞ്ഞതിനോട് യോജി ക്കുകയാണ്. നബാർഡിനെക്കുറിച്ച് അന്വേഷണം വേണം. കേന്ദ്ര ഏജൻസിയായ സി.ബി.ഐ. നബാർഡിന്റെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ കഴിഞ്ഞ 15 വർഷക്കാലത്തെ പ്രവർത്തനം അന്വേഷിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. 4 ജില്ലാ വികസന ഓഫീസുകൾ അടച്ചുപൂട്ടാനും അതൊടൊപ്പം കേരളത്തിന്റെ കാർഷിക മേഖലയിൽ വായ്പയുമായി ബന്ധപ്പെട്ടുകൊണ്ട് നബാർഡിന്റെ ഭാഗത്തുള്ള വീഴ്ചകളും കൃത്യമായി വിശകലനം ചെയ്യുന്ന രീതിയിലാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത്. നബാർഡ് വലിയ ലക്ഷ്യബോധത്തോടുകൂടിയാണ് തുടങ്ങിയത്. സ്വാതന്ത്ര്യത്തിനുശേഷം 35 കൊല്ലം കഴിഞ്ഞിട്ടും നമ്മുടെ രാജ്യത്തിന്റെ ഭക്ഷ്യ രംഗത്ത് വലിയ വളർച്ചയുണ്ടായപ്പോഴും കാർഷിക മേഖലയിലെ ഗ്രാമീണ കർഷകർക്ക് പരിതാപകരമായ അവസ്ഥയുണ്ടായപ്പോഴാണ് ഇതുമായി ബന്ധപ്പെട്ട ശിവരാമൻ കമ്മിറ്റി റിപ്പോർട്ട് പഠിച്ച് രാജ്യത്തിന്റെ കാർഷിക മേഖലയിൽ എങ്ങനെ ഇടപെടാൻ കഴിയുമെന്ന് ഇന്ത്യാ ഗവൺമെന്റും റിസർവ്വ് ബാങ്കും കൂടി ആലോചിച്ച് യോജിച്ച ഒരു പദ്ധതി എന്ന നിലയ്ക്കാണ് നമ്മുടെ രാജ്യത്ത് നബാർഡ് നടപ്പാക്കിയത്. 400 -ഓളം ജില്ലകളിൽ 3000-ത്തോളം ഓഫീസർമാരെവച്ച് ജില്ലാ വികസന ഓഫീസുകളിൽ നബാർഡ് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ അവസരത്തിലാണ് കേരളത്തിലെ നാല് ഓഫീസുകൾ അടച്ച് പൂട്ടുന്നു എന്ന് പറയുന്നത്. ഇപ്പോൾ സ്വാഭാവികമായും അതിന്റെ ലക്ഷ്യത്തിൽനിന്നുതന്നെ അത് മാറുകയാണ്. എന്ന് മാത്രമല്ല, ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് പലപ്പോഴും

നബാർഡിന്റെ വിഹിതം കിട്ടുന്നത് വളരെ പരിമിതമാണെന്ന് പറയാതിരിക്കാൻ സാധിക്കില്ല. അതിനൊരുപാട് കാരണങ്ങളുണ്ടാകാം. നമ്മൾ പലപ്പോഴും അവതരിപ്പിക്കുന്ന പ്രോജക്ടുകൾ വയബിളല്ല എന്നാണ് അതിന് ന്യായമായി പറയുന്ന കാരണം. അങ്ങനെ വയബിളായിട്ടുള്ള പ്രോജക്ട് അവതരിപ്പിക്കാൻ സാധിക്കാതിരിക്കുന്നൂവെങ്കിൽ അതിന്റെ വീഴ്ച ഏതു ഭാഗത്താണെന്ന് കൃത്യമായി വിശകലനം ചെയ്യപ്പെടേണ്ടതാണ്. കാരണം അവർക്ക് അംഗീകരിക്കാൻ സാധിക്കുന്ന രീതിയിലുള്ള പ്രോജക്ടുകൾ എന്തുകൊണ്ട് അവതരിപ്പിക്കാൻ സാധിക്കുന്നില്ല എന്നുള്ളത് വളരെയേറെ ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. ഇപ്പോൾ ദേശീയ തലത്തിലുള്ള പ്രധാനപ്പെട്ട പല പദ്ധതികളും കേരളത്തിന് നഷ്ടപ്പെടുന്നു. ആദിവാസി മേഖലയിലെ വാദി പദ്ധതി, ആ പദ്ധതിയിൽ കേരളം ഉൾപ്പെട്ടിട്ടില്ല. അതേ സമയത്ത് മറ്റ് എല്ലാം സംസ്ഥാനങ്ങളും വരുന്നു. ഈ വാദി പദ്ധതിയിൽ പതിനയ്യായിരം കുടുംബങ്ങളെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഏകദേശം 5605 കോടി രൂപ ആന്ധ്രാപ്രദേശ് ചെലവഴിക്കുമ്പോൾ ആ പദ്ധതിയിലേയ്ക്ക് കേരളം കടന്നുവരുന്നില്ല. അതിൽ എവിടെയാണ് വീഴ്ച സംഭവിച്ചതെന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ടതാണ്. അതുപോലെ തന്നെയാണ് അംബ്രല്ലാ പ്രോഗ്രാം ഫോർ നാഷണൽ റൂറൽ മാനേജുമെന്റ്(UPNRM). തേൻ സംഭരിക്കാൻ മാത്രമാണ് ആയിരം മില്യൻ രൂപ അനുവദിച്ചിട്ടുള്ളത്. ആയിരം മില്യൻ രൂപ അനുവദിച്ചത് തമിഴ്നാട്ടിലെ ആദിവാസികൾക്കുവേണ്ടിയാണ്. എന്നാൽ കേരളത്തിൽ അത്തരത്തി

ലുള്ള പദ്ധതികൾ എന്തുകൊണ്ട് നടപ്പാക്കാൻ സാധിക്കുന്നില്ല എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. നബാർഡ് ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്, കേരളത്തിന്റെ വികസന രംഗത്ത് വലിയ പങ്ക് വഹിക്കുന്നുണ്ട്. അത് ചെറുതായി കാണുന്നില്ല. പക്ഷേ പലപ്പോഴും ഇത്തരം പദ്ധതികളിൽനിന്നൊക്കെ നാം മാറി നിൽക്കുന്ന ഒരു അന്തരീക്ഷം ഉണ്ടാകുകയാണ്. ഏറ്റവും ഒടുവിൽ കേരളത്തിൽ അൽപമെങ്കിലും ഇടപെടലുണ്ടായിരുന്നത് സഹകരണ മേഖലയിലാണ്. ആ സഹകരണ മേഖലയിൽ ബാങ്കുകൾക്ക് പലപ്പോഴും ക്രെഡിറ്റ് സപ്പോർട്ട് നൽകുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. ആ സപ്പോർട്ടും നഷ്ടപ്പെടുകയാണ്. കാരണം നബാർഡ് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നില്ല. കേരളംപോലൊരു സംസ്ഥാനത്ത് കൃഷിയുടെ ചെലവ് കൂടുകയാണ്. കൃഷിയുടെ ചെലവ് കൂടുമ്പോൾ എല്ലാ കാലഘട്ടത്തിലും ഒരേ മാനദണ്ഡം വച്ച് മുന്നോട്ട് പോകാനാകില്ല. മാനദണ്ഡങ്ങളിൽ കൃത്യമായ മാറ്റങ്ങളുണ്ടാകണം. പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ വിതരണം ചെയ്യുന്ന കാർഷിക വായ്പയ്ക്കനുസൃതമായ തുക നബാർഡിൽ നിന്ന് പുനർവായ്പയായി ലഭിക്കുന്ന ഒരു സാഹചര്യമുണ്ടാകണം. ഇവരുടെ നോംസ് മാറ്റാൻ കഴിയില്ലായെന്ന് പറയാൻ സാധിക്കില്ല. ജമ്മുകാശ്മീർ, സിക്കിം, ഹിമാചൽപ്രദേശ്, ഉത്തരാഞ്ചൽ, ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ എന്നിവിടങ്ങളിലൊക്കെ എൻ.പി.എ. നോംസിൽ ഇളവ് നൽകിയിട്ടുണ്ട്. ഇളവുകൾ നൽകാൻ സാധിക്കാത്ത ഒന്നാണെന്ന് പറയാൻ സാധിക്കില്ല, ഇളവ്

നൽകിയ സാഹചര്യങ്ങളുണ്ട്. ബീഹാർ, ഛത്തീസ്ഗഡ്, ഒറീസ, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ അർഹതയുള്ളതിനെക്കാൾ അഞ്ച് ശതമാനം പുനർവായ്പ അവർക്ക് അനുവദിച്ചിട്ടുണ്ട്. കൊടുക്കേണ്ടിടത്ത് കൊടുക്കുന്നുണ്ട്, ഇളവുകൾ ചെയ്യേണ്ടവർക്ക് ഇളവുകൾ ചെയ്യുന്നുണ്ട്. പക്ഷേ കേരളത്തിലെത്തുമ്പോൾ മാത്രം ഈ രീതിയിൽ പോകുന്നു എന്നുള്ളത് വിശകലനം ചെയ്യപ്പെടേണ്ട വിഷയമാണ്. അതിന് സർക്കാരിന്റെ വിലിയ ഇടപെടലുണ്ടാകേണ്ടത് അനിവാര്യമാണ്. അതുപോലെ തന്നെയാണ് കേരളത്തിന്റെ കാർഷിക മേഖല. കാർഷിക മേഖല എന്നുപറയുന്നത് നെൽവയലുമായോ അതല്ലെങ്കിൽ മറ്റ് കാർഷിക രീതികളുമായി ബന്ധപ്പെട്ടതോ മാത്രമല്ല. നമ്മുടെ ക്ഷീര വികസനവും മൃഗസംരക്ഷണവും മത്സ്യബന്ധനവും ആ മേഖലയിൽ വരണം. ഈ മേഖലകളിലൊക്കെ നബാർഡിന്റെ വായ്പ ഉണ്ടാകണം. ആ വായ്പ ലഭ്യമാകുന്നതിന് അനുഗുണമായിട്ടുള്ള പ്രോജക്ടുകൾ നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. പക്ഷേ, കേരളത്തിന് പലപ്പോഴും ഇത്തരം പ്രോജക്ടുകൾ അവതരിപ്പിക്കാൻ കഴിയാതെപോകുന്നത് എന്തുകൊണ്ടാണെന്നറിയില്ല. ഇപ്പോൾത്തന്നെ നബാർഡിന്റെ പതിനഞ്ച് ഡയറക്ടർ ബോർഡ് അംഗങ്ങളിൽ കേരളത്തിന്റെ പങ്കാളിത്തം വളരെ പരിമിതമാണ്. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറായ സുബ്രതോ ബിശ്വാസ് മാത്രമാണ് കേരളത്തിൽ നിന്നുള്ള പ്രതിനിധി. ബാക്കി മൂന്ന് ഡയറക്ടർ പോസ്റ്റുകളും ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. കേരളത്തിനുവേണ്ടിയുള്ള ഒരു

പ്രോജക്ട് സമർപ്പിച്ച് അത് കേരളത്തിന് അനുഗുണമാക്കി മാറ്റിയെടുക്കുന്ന കാര്യത്തിൽ എവിടെയെങ്കിലും പാളിച്ച സംഭവിക്കുന്നുണ്ടോയെന്നുകൂടി പരിശോധിക്കപ്പെടണം. അതുകൊണ്ടുതന്നെ വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ശ്രീ. കെ. ശിവദാസൻ നായർ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ടുതന്നെ പറയട്ടേ, ഇത് കേരളത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയമായി മാറും. ഇപ്പോൾ ജില്ലാ ഓഫീസുകൾ എടുത്തുകളഞ്ഞിരിക്കുന്നുവെന്ന് മാത്രമല്ല, പൊതുമരാമത്ത് വകുപ്പ് ആയിരം കോടി രൂപ ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചത് വെറും 300 കോടി രൂപ മാത്രമാണ്. ഗ്രാമീണമേഖലയിലെ പാലങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കാണ് ഈ തുക ചെലവഴിക്കുന്നത്. നാല് ജില്ലാ ഓഫീസുകൾ ഇല്ലാതാകുന്നതോടുകൂടി സ്വാഭാവികമായി ഇത്തരം പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത ഒരന്തരീക്ഷമുണ്ടാകും. അങ്ങനെവന്നാൽ ഈ തുക ചെലവഴിക്കുന്നതിൽ വീഴ്ചവരുത്തിയെന്ന് നബാർഡ് പറയേണ്ട ഒരു സ്ഥിതിവിശേഷമുണ്ടാകരുത്. അതിനിടയുണ്ടാകരുത്. ആ നിലയിൽ ഇതെല്ലാം വലിയ ഗൗരവത്തോടുകൂടി കാണണം; അതുപോലെതന്നെ നബാർഡിന്റെ ഒട്ടേറെ പദ്ധതികളിലൊന്ന് ജൈവകൃഷിയുമായി ബന്ധപ്പെട്ടുള്ളതാണ്. അത് വേണ്ട രീതിയിൽ ഉപയോഗിക്കാൻ കേരളത്തിന് സാധിച്ചിട്ടില്ല. കേരളത്തിലുള്ള 25000 ജൈവകർഷകർക്ക് സഹകരണ ബാങ്കുകൾവഴി നൽകുന്ന ആനുകൂല്യം വർദ്ധിപ്പിക്കണം. കേരളം അനുഭവിക്കാൻ പോകുന്ന

ഊർജ്ജ പ്രതിസന്ധിക്കുള്ള പരിഹാരം സോളാർ എനർജി കൃത്യമായി ഉപയോഗിക്കുക എന്നുള്ളതാണ്. ഈ പ്രതിസന്ധിയിലൊക്കെ നബാർഡിനെ എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന വിശദ മായൊരു ചിന്തയ്ക്ക് വഴിയൊരുക്കാൻ ശ്രീ. കെ. ശിവദാസൻ നായർ കൊണ്ടുവന്ന ഈ പ്രമേയം തീർച്ചയായും അനുഗുണമാകുമെന്നുള്ളതു കൊണ്ടുതന്നെ ഞാൻ ഇതിനെ പിന്തുണയ്ക്കുന്നു. (ശ്രീ. പി. തിലോത്തമൻ)

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട കെ. ശിവദാസൻനായർ ഇവിടെ കൊണ്ടുവന്ന പൊതു പ്രാധാന്യമുള്ള ഈ വിഷയത്തിന്മേൽ എനിക്കുമുമ്പ് സംസാരിച്ച സുഹൃത്തുക്കളുടെ അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. നബാർഡ് അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുന്നുവെന്നാണ് പൊതുവിൽ ഇവിടെ ഉയർന്നുവന്ന ഏറ്റവും പ്രധാനപ്പെട്ട ഒരാക്ഷേപം. ഞാനും അതിനോട് യോജിക്കുകയാണ്. കാർഷിക മേഖലയേയും അതുവഴി കേരളത്തിലെ കാർഷിക സഹകരണമേഖലയെയും കേരളത്തിന്റെ പൊതു വികസനത്തെയാകെയും പ്രതികൂലമായി ബാധിക്കുന്ന ഒരു നയമാണ് നബാർഡ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകരണമേഖല നൽകിയിട്ടുള്ള വായ്പകളുടെ തോത് അനുസരിച്ച് പിറ്റേവർഷം പുനർവായ്പയായി നൽകേണ്ട നടപടിക്രമത്തിൽ നിന്നും നബാർഡ് പിൻമാറുന്നു, ഒളിച്ചോടുന്നുവെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിലെ സഹകരണ മേഖലയെ കുത്തുപാളയെടുപ്പിക്കുമെന്ന് പറയേണ്ടതില്ല. അതാണ് ഇവിടെ സംഭവിക്കാൻ പോകുന്നത്. കഴിഞ്ഞ നാളുകളിൽ നബാർഡ് നൽകിയിട്ടുള്ള വായ്പകളിൽ 75 ശതമാനവും ആർ.ഐ.ഡി.എഫ് വഴി വികസന പ്രവർത്തനങ്ങൾക്കുവേണ്ടി നൽകുന്ന വായ്പകളാണെന്ന് ഇവിടെ ചൂണ്ടികാണിക്കുകയുണ്ടായി. കാർഷികമേഖലയ്ക്ക് വായ്പ നൽകുന്നില്ലെന്നുമാത്രമല്ല, കാർഷിക അനുബന്ധമേഖലകളെ പരിഗണിക്കുന്നുപോലുമില്ല. ഇവിടത്തെ ദേശസാത്കൃത ബാങ്കു

കളും ഏതാണ്ട് ഇതേ രൂപത്തിലാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ പൊതു വികസനത്തിന് ദേശസാൽകൃത ബാങ്കുകളും ഗ്രാമീണ വികസന ബാങ്കുകളും അതിന്റെ പ്രയോരിറ്റി സെക്ടർ നിശ്ചയിച്ച് ആ വഴിക്ക് ഫണ്ട് തിരിച്ചുവിട്ടില്ലെങ്കിൽ നമ്മുടെ നാടിന് വളർച്ചയുണ്ടാവില്ലെന്നുള്ള കാര്യം എല്ലാവർക്കും ബോധ്യമുള്ളതാണ്. എന്നാൽ ഈ സാമ്പത്തിക സ്ഥാപനങ്ങളെല്ലാം തെറ്റായ വഴിയിലൂടെ സഞ്ചരിക്കുകയാണെന്ന് നാം കണ്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പത്തിരുപത് വർഷമായി രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തെറ്റായ സാമ്പത്തിക നയത്തിന്റെ പരിണിതഫലമാണിത് എന്ന് പറയുന്നതിൽ അൽപംപോലും തെറ്റുണ്ടാവുമെന്ന് തോന്നുന്നില്ല. പ്രയോറിറ്റി സെക്ടർ അവഗണിക്കുന്നതിലാണെങ്കിലും കാർഷിക മേഖലയെ ഉപേക്ഷിക്കുന്ന കാര്യത്തിലാണെങ്കിലും രാജ്യത്തെ പരമ്പരാഗത തൊഴിൽ മേഖലയെ തകർക്കുന്ന കാര്യത്തിലാണെങ്കിലും ഈ സാമ്പത്തിക നയങ്ങളും പരിഷ്ക്കാരങ്ങളുമെല്ലാം കേരളത്തെ വലിയ തിരിച്ചടിയിലേയ്ക്കാണ് കൊണ്ടെത്തിക്കുന്നതെന്നത് പച്ചയായ ഒരു സത്യമാണ്.  കേരളത്തിലെ കാർഷിക മേഖലയെന്ന് പറയുന്നത് നെല്ലും തെങ്ങുമാണ്. ഇന്ന് നാളികേര കൃഷിക്കാരന് കണ്ണൂനിർ മാത്രമാണ് ബാക്കിയുള്ളത്. എല്ലാ കാർഷികോൽപന്നങ്ങൾക്കും അതിഭയങ്കരമായി വിലവർദ്ധിക്കുന്ന ഈ സാഹചര്യത്തിൽ നാളികേര കൃഷിക്കാർ ഭയങ്കരമായ തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുന്ന കാഴ്ചയാണ് കേരളം കാണുന്നത്. നെൽക്കൃഷിക്കാരന്റെ അവസ്ഥയും ഇതുതന്നെയാ

ണ്. ഏതാണ്ട് 30-60 ശതമാനം വരെ വളത്തിനുണ്ടായ വിലവർദ്ധനവ് കാരണം നെൽക്കൃഷിക്കാരനും അതിഭയങ്കരമായ തിരിച്ചടിയാണ് ഇന്ന് നേരിടുന്നത്. ഹൃസ്വകാല കാർഷിക രംഗമാണെങ്കിലും ദീർഘകാല കാർഷികമേഖലയാണെങ്കിലും അവയ്ക്കെല്ലാം പിന്നോട്ടടി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുന്ന ഓരോ സന്ദർഭത്തിലും പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ നമ്മോടു പറയുന്നത്, നാം നേടിയെടുക്കുന്ന സാമ്പത്തിക വളർച്ചയ്ക്ക് ഒരു സ്ഥായീഭാവമുണ്ടാകണമെങ്കിൽ കാർഷിക മേഖലയിൽ നാലു ശതമാനമെങ്കിലും പുരോഗതിയും വളർച്ചയും നിലനിർത്താൻ കഴിയണമെന്നാണ്. എന്നാൽ അതിൽ നിന്നും നാം എത്രയോ പുറകോട്ടു പോവുകയാണ്. നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ കാർഷിക മേഖലയുടെ വളർച്ച ലക്ഷ്യം വച്ചുകൊണ്ട് ധാരാളം പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നു. പഞ്ചവത്സര പദ്ധതിയിലൂടെ നാം ആ രംഗത്ത് വലിയ മുന്നേറ്റം കൈവരിച്ചു. എന്നാൽ ഇന്ന് കാർഷിക മേഖലയിൽ വേണ്ട രീതിയിൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് ചെയ്യാതെ അതിഭയങ്കരമായ തിരിച്ചടി ഉണ്ടാകുംവിധമുള്ള പരിഷ്ക്കാരങ്ങളാണ് കൊണ്ടുവരുന്നത്. കാർഷികമേഖലയിൽ ഉണ്ടായിരുന്ന സബ്സിഡി എടുത്തുമാറ്റി. കർഷകർ വളത്തിന്റെ വിലവർദ്ധനവ് നേരിടുകയാണ്. കൃഷിക്കാരനുമാത്രം അവന്റെ ഉൽപ്പന്നത്തിന് വില നിശ്ചയിക്കാൻ യാതൊരവകാശവുമില്ല. പെട്രോളിയം കമ്പനികൾക്ക് അവർ ഉണ്ടാക്കുന്ന പെട്രോളിയം പ്രോഡക്ടിന്റെ വില നിശ്ചയിക്കാനുള്ള അധികാരം കേന്ദ്രഗ

വൺമെന്റ് കൊടുത്തു. എന്നാൽ കൃഷിക്കാരന് എന്തുകൊണ്ട് അവന്റെ ഉൽപ്പന്നങ്ങൾക്ക് ന്യായവില നിശ്ചയിക്കാനുള്ള അവകാശം കൊടുത്തുകൂടാ? ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ കാർഷിക മേഖല തകർന്നാൽ കേരളത്തിന്റെ, രാജ്യത്തിന്റെ തന്നെ സമ്പദ്ഘടനയ്ക്കാണ് മാരകമായ മുറിവേൽക്കാൻ പോകുന്നത്. അത് നമ്മുടെ രാജ്യത്തെ പുറകോട്ടടിക്കുകതന്നെ ചെയ്യും. കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്ത വായിക്കാനിടയായി. യൂറോയുടെ തകർച്ച നേരിടാൻ 56000 കോടി രൂപയുടെ സഹായം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു. എന്നാൽ കൃഷിക്കാരന് ആ രംഗത്ത് വട്ടപ്പൂജ്യമാണ് ഈ ഗവൺമെന്റ് പ്രദാനം ചെയ്യുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് നബാർഡും മറ്റ് ദേശസാൽകൃത ബാങ്കുകളും സ്വീകരിച്ചുകൊണ്ടിരിക്കുന്ന തെറ്റായ സാമ്പത്തിക ഇടപാടിൽ നിന്ന് പുറകോട്ടുപോകുന്നത് വളരെ അടിയന്തരമായ ആവശ്യമാണ്. ശ്രീ. കെ. ശിവദാസൻ നായർ കൊണ്ടുവന്ന പ്രമേയത്തോട് ഞാനും യോജിക്കുകയാണ്.

ഡോ. എൻ. ജയരാജ്: സർ, ശ്രീ. കെ. ശിവദാസൻ നായർ കൊണ്ടു വന്ന പ്രമേയത്തോട് ഞാനും യോജിക്കുകയാണ്. സംയോജിത ഗ്രാമവികസനം ലക്ഷ്യമാക്കിക്കൊണ്ട് 1981-ലെ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം 1982-ലാണ് റിസർവ് ബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലെപ്മെന്റ് (നബാർഡ്) രൂപപ്പെട്ടത്. അന്ന് ഒരു വലിയ ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് നബാർഡിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയിൽ ആരംഭിച്ചത്. ഫലപ്രദമായ വായ്പാ സഹായവും അനുബന്ധ പ്രവർത്തനങ്ങളും അതോടൊപ്പം തന്നെ സുസ്ഥാപിതമായ വികസനവും മറ്റ് നൂതന സംരംഭങ്ങളും മുഖേന നിലനിൽക്കുന്നതും നീതിപൂർവ്വവുമായ കാർഷിക-ഗ്രാമീണ വികസനവുമാണ് നബാർഡ് ലക്ഷ്യം വച്ചത്. എന്നാൽ ആ ലക്ഷ്യങ്ങളിൽ നിന്നെല്ലാം ഇന്ന് നബാർഡ് പുറകോട്ട് പോകുന്നുവെന്നുള്ള കാഴ്ചയാണ് ഇവിടെ കാണുന്നത്. അതിൽ ഏറ്റവും പുതിയ അനുഭവമാണ് കേരളത്തിലെ നാല് ജില്ലകളിലുള്ള (പത്തനംതിട്ട, കൊല്ലം, എറണാകുളം, കോഴിക്കോട്) ഓഫീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചത്. ഇന്ത്യയിൽ പതിനാറ് ഓഫീസുകൾ നിർത്തലാക്കിയ കൂട്ടത്തിൽ, യാദൃശ്ചികമായിട്ടായിരിക്കാം അതിൽ കൂടുതൽ നിർത്തലാക്കിയിരിക്കുന്നത് കേരളത്തിലാണ്. പക്ഷേ, തമിഴ്നാട്ടിലെ തേനിയിലും സേലത്തും ഉണ്ടായിരുന്ന ഓഫീസുകൾ നിർത്തലാക്കിയെങ്കിലും മറ്റൊരു സ്ഥലത്ത് ഓഫീസ് ആരംഭിക്കുകയുണ്ടായി. മറ്റു പല സംസ്ഥാനങ്ങളിലും അടച്ചുപൂട്ടിയ ഓഫീസു

കൾക്കുപകരം മറ്റ് സ്ഥലങ്ങളിൽ അത് തുറന്നുപ്രവർത്തിപ്പിക്കാൻ തുടങ്ങിയപ്പോൾ കേരളത്തോട് കാണിച്ചത് തിർച്ചയായും ഒരു അവഗണനയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഓഫീസുകൾ നിർത്തലാക്കുന്നതിന് പ്രധാനമായും രണ്ട് കാരണങ്ങളാണ് സൂചിപ്പിച്ചത്. അതിലൊന്ന്, ഈ സ്ഥാപനങ്ങൾ തമ്മിലുള്ള അകലം കൂടുതലില്ല, അവ വളരെ അടുത്താണ് എന്നതും മറ്റൊന്ന്, ചില ജില്ലകൾ വളരെയേറെ ഡെവലെപ് ചെയ്തവയാണ് എന്നുമാണ്. ശ്രീ. കെ. ശിവദാസൻ നായർ, ഏറ്റവും കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾ ഉള്ള ജില്ലകളിലൊന്ന്, അങ്ങ് പ്രതിനിദാനം ചെയ്യുന്ന പത്തനംതിട്ട ജില്ലയാണ്. അവിടത്തെ ഒരാഫീസാണ് അടച്ചുപൂട്ടിയിരിക്കുന്നത്. അതോടൊപ്പം തന്നെ ഇവിടെ പറഞ്ഞ നാലുജില്ലകളും കാർഷികമേഖലയുമായി വളരെയേറെ ബന്ധപ്പെട്ട ജില്ലകളാണ്. ആ മേഖലയിലെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെയേറെ ബുദ്ധിമുട്ട് ഈ കാര്യത്തിൽ അനുഭവിക്കുകയാണ്. ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയാകട്ടെ, വാട്ടർഷെഡ് പദ്ധതിയാകട്ടെ, വില്ലേജ് ഡെവലെപ്മെന്റ് പ്രോഗ്രാമാകട്ടെ, ട്രൈബൽ ഡെവലെപ്മെന്റ് ആകട്ടേ, ആർ.ഐ.ഡി.എഫുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാകട്ടെ, കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നബാർഡുമായി നിരന്തരമായി ബന്ധപ്പെടുമ്പോൾ ഈ ഓഫീസുകളുടെ പ്രവർത്തനം തീർച്ചയായും വളരെയേറെ ആവശ്യമായ സാഹചര്യത്തിൽ പൊടുന്നനെ ഇത്തരമൊരു തീരുമാനത്തിലേയ്ക്ക് നബാർഡ്

മാറിയത് തീർച്ചയായും അംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ തീർച്ചയായും ഒരു പുനർവിചിന്തനം ഉണ്ടാകണം എന്നുള്ളതാണ് എന്റെയും അഭിപ്രായം. ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഈ പ്രമേയത്തെ ആത്മാർത്ഥമായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ, ഞാൻ ഈ പ്രമേയത്തോട് യോജിക്കുകയാണ്. നബാർഡ് ഗ്രാമീണമേഖലയുടെ, ഗ്രാമീണജനതയുടെ അഭിവൃദ്ധിക്കുവേണ്ടി ആരംഭം കുറിച്ച ഒരു സ്ഥാപനമാണ്. അതുതന്നെയായിരുന്നു നമ്മുടെ രാഷ്ട്രപിതാവിന്റെ സങ്കൽപ്പവും. ആ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി വികസനം ഗ്രാമീണതലത്തിലാകണം. നബാർഡ് അർബൻ മേഖലയിൽ സാമ്പത്തിക സഹായം നൽകാറില്ല. മുനിസിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ പാലങ്ങളോ റോഡുകളോ പണിയുന്നതിന് നബാർഡിൽ നിന്നും വായ്പ ലഭ്യമല്ല. ഗ്രാമീണതലത്തിൽ മാത്രമാകണമെന്നതാണ് സങ്കൽപ്പം. ഗ്രാമീണ ജനതയെ അഭിവൃദ്ധിയിലേയ്ക്ക് എത്തിക്കുന്നതിന് കാർഷിക മേഖലയെയാണ് മുഖ്യമായും സഹായിക്കുന്നത്. ആ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ നിന്നും യഥാർത്ഥത്തിൽ സാവധാനം നബാർഡ് പിൻമാറുകയാണ്. അതിന്റെ ഭാഗമായിട്ടാണ് നാല് ഓഫീസുകൾ അവർ അടച്ചുപൂട്ടാൻ തീരുമാനിച്ചത്. കാരണം അത് നേരത്തെ ഇവിടെ സൂചിപ്പിച്ചത് തന്നെയാണ്. നമ്മുടെ രാജ്യത്തെ ഗവൺമെന്റുകളുടെ പുത്തൻ നയത്തിന്റെ ഭാഗമായിട്ടാണത്. കേന്ദ്ര ഗവൺമെന്റിന്റെ ആ നയത്തിന്റെ ഭാഗമായിട്ട് കോർപ്പറേറ്റുകൾ കടന്നുവരുന്നു. പല മേഖലകളും സ്വകാര്യവത്ക്കരിക്കുന്നു. യഥാർത്ഥത്തിൽ ഈ മേഖലയിൽനിന്നും പതുക്കെ പിൻമാറി സഹകരണ മേഖലയെ, കാർഷിക മേഖലയെ തകർക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് അവർ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഉദ്യോഗസ്ഥരുടെ

മാത്രം തെറ്റാണെന്ന് പറയാൻ നിർവ്വാഹമില്ല. ഏതായിരുന്നാലും മറ്റൊരു കാര്യം പറയാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളിൽ ഒന്നും തന്നെ ഒരു ഓഫീസ് പോലും അടച്ചുപൂട്ടാതെ കേരളത്തിൽ മാത്രമായി നാല് ഓഫീസുകൾ അടച്ചുപൂട്ടാൻ അവരെ പ്രേരിപ്പിച്ചത് യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തോടുള്ള അവഗണനയാണ്. അല്ലെങ്കിൽ അവഹേളനമാണെന്ന് പറയാൻ സാധിക്കും. ഇത്തരത്തിൽ പ്രവർത്തിക്കുന്ന നബാർഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നേരത്തെ ഇവിടെ മുൻ സഹകരണവകുപ്പുമന്ത്രി പ്രതിപാദിച്ചതാണ്. നബാർഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു അന്വേഷണം അനിവാര്യമാണ്. നബാർഡ് അഴിമതിക്ക് വിധേയമായിട്ടുള്ള ഒരു സ്ഥാപനമാണ്. വമ്പിച്ച അഴിമതി നടത്തുന്ന ഒരു സ്ഥാപനമായി മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ പ്രമേയവുമായി ബന്ധപ്പെടുന്നതല്ലെങ്കിൽപ്പോലും നബാർഡിന്റെ പ്രവർത്തനങ്ങളെ  അന്വേഷണ വിധേയമാക്കേണ്ടതാണ്. ആ തരത്തിൽ നാല് ഓഫീസുകൾ നിറുത്തലാക്കിയതിൽ പ്രതിഷേധം രേഖപ്പെടുത്തുന്ന ശ്രീ. കെ. ശിവദാസൻ നായരുടെ പ്രമേയത്തോട് ഞാനും യോജിക്കുകയാണ്.

ശ്രീ. പാലോട് രവി : സർ, ചട്ടം 58 അനുസരിച്ചുള്ള ശ്രീ. കെ. ശിവ ദാസൻ നായരുടെ പ്രമേയത്തിന്മേലുള്ള ചർച്ച ഈ സഭയെ സംബന്ധിച്ചി ടത്തോളം, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ അനുഗ്രഹീതമാണ് എന്നാണ് എനിക്ക് ആമുഖമായി ചൂണ്ടിക്കാണിക്കാ നുള്ളത്. ധനകാര്യ വകുപ്പുമന്ത്രി വ്യക്തിപരമായി വളരെ ഗൗരവത്തോടെ ഏറ്റെടുക്കേണ്ട ഒരു വിഷയമാണിത്. നബാർഡിന്റെ പ്രവർത്തനങ്ങൾ പല സംസ്ഥാനങ്ങളും അവരുടെ വികസനത്തിന് അനുകൂലമായി ഉപയോഗി ക്കുമ്പോൾ കേരളം എന്തേ പിറകോട്ടുപോയി എന്നതിനെ സംബന്ധിച്ച് വളരെ ഗൗരവത്തോടെ ചർച്ച ചെയ്യണമെന്നാണ് എനിക്ക് ചൂണ്ടിക്കാണി ക്കാനുള്ളത്. ഖജനാവിന്റെ യഥാർത്ഥ ധനകാര്യസ്ഥിതി അപ്പുറത്തുമിപ്പുറ ത്തുമിരിക്കുന്നവർ ഭരണത്തിലിരുന്നവരെന്നുള്ള രീതിയിൽ അനുഭവിച്ചറി ഞ്ഞവരാണ്. വരുമാനത്തിന്റെ 75%-ലേറെ ശമ്പളത്തിനും പെൻഷനും കൊടുക്കുന്നതായി അങ്ങ് കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി. അങ്ങനെ സാമ്പത്തിക മാന്ദ്യമുള്ള ഈ കാലഘട്ടത്തിൽ ഒരു ഗ്രോത്ത് ഓറിയന്റഡ് സമ്പദ്വ്യവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കാൻ നേതൃത്വം കൊടുക്കുന്ന തരത്തിൽ നബാർഡിന്റെ പ്രവർത്തനത്തെ എങ്ങനെ മാറ്റിയെടുക്കാമെന്നായിരിക്കണം മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ആലോചിക്കേണ്ടതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാ നുള്ളത്. ലോകവ്യാപകമായി സാമ്പത്തികമാന്ദ്യം ഉണ്ടായിട്ടും, ഒരുപാട് പരാധീനതകളുണ്ടെങ്കിൽ പോലും നമ്മുടെ രാജ്യത്തിന്റെ ഇക്കോണമി

തകരാതെ ഇന്നും പിടിച്ചുനിൽക്കുകയാണ്. അതിന് നമ്മുടെ രാജ്യത്ത് നബാർഡ് വളരെയേറെ സംഭാവന നൽകുന്നുണ്ട്. നമ്മൾ അത് കണ്ടില്ലെന്ന് നടിക്കരുത്. കാർഷിക മേഖലയിലെ വികസന പ്രോജക്ടുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ബാങ്കുകൾക്ക് റീ-ഫൈനാൻസിന്റെ കാര്യത്തിലും ചെറുതും വലുതുമായ കാർഷിക പദ്ധതികൾക്ക് ഡയറക്ട് ലെൻഡിംഗിന്റെ കാര്യത്തിലും ഗ്രാമീണ കർഷകർക്ക് കാർഷിക മേഖലയിലുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ ബോധവൽക്കരണത്തിനും അവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും ഗ്രാമീണ മേഖലയിലെ സെൽഫ് ഗ്രൂപ്പുകൾക്ക് ഗൈഡൻസ് നൽകുന്നതിലും ഇതേവരെ ഗ്രാമീണ മേഖലയിൽ സാധാരണ ബാങ്കുകൾ കടന്നിട്ടില്ലാത്ത മേഖലകളിലെ ആവശ്യങ്ങൾ കണ്ടെത്തി സാമ്പത്തികമായും സാങ്കേതിക ഉപദേശം ഉൾക്കൊള്ളുന്നതുമായ സഹായവും നബാർഡിൽ നിന്നും മറ്റ് സംസ്ഥാനങ്ങൾ വളരെ വേഗത്തിൽ നേടിയെടുക്കുകയാണ്. ഞാൻ കുറേ കണക്കുകൾ ഇവിടെ വായിക്കാം. എല്ലാ കണക്കുകളും ഞാൻ ഇവിടെ വായിക്കുന്നില്ല. ഇത് ഇന്ത്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളും ഈ കാര്യങ്ങൾ ചെയ്യുകയാണ്. ഒരു ഗ്രാമീണ സമ്പദ്വ്യവസ്ഥയെ ഗ്രോത്ത് ഓറിയന്റഡ് പാതയിലേയ്ക്ക് കൊണ്ടുപോകുന്നതിന് നബാർഡിന്റെ പ്രവർത്തനം ഫലപ്രദമായി ഉപയോഗിക്കാൻ കേരളത്തിന്റെ ശക്തനായ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയണമെന്നാണ് ഈ ചർച്ചയിലൂടെ ഞങ്ങൾ ആവശ്യപ്പെടുന്നത്. ധനകാര്യ വകുപ്പുമ

ന്ത്രിക്ക് അത് കഴിയും. ശമ്പളവും പെൻഷനും പോലും കൊടുക്കാൻ പണമില്ലാത്ത ഒരു സംസ്ഥാനത്ത് എങ്ങനെ ഒരു ഗ്രോത്ത് ഓറിയന്റഡ് കാർഷിക മേഖലയിൽ നമ്മുടെ സമ്പദ്‌വ്യവസ്ഥയെ എങ്ങനെ ശക്തിപ്പെടുത്താം എന്ന് ചിന്തിക്കണം. എല്ലാ സംസ്ഥാനങ്ങളും ആയിരക്കണക്കിന് കോടി രൂപ നബാർഡിലൂടെ നൽകുമ്പോൾ നമുക്ക് നമ്മുടെ സംസ്ഥാനത്തിന്റെ ഈ മേഖലയെ ശക്തിപ്പെടുത്തുവാൻ എങ്ങനെ നബാർഡിനെ ഉപയോഗപ്രദമാക്കാമെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. സഹകരണമേഖലയിൽ, കാർഷികമേഖലയിൽ, റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നതിൽ, സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി കേരള കുടുംബശ്രീ മാതൃകയിൽ രാജ്യത്തുടനീളം ശക്തിപ്രാപിച്ചു വരുന്ന എസ്.എച്ച്. ഗ്രൂപ്പുകളെ സഹായിക്കുന്നതിൽ, കാർഷിക രംഗത്തുള്ള കർഷകരുടെ പ്രവർത്തനത്തിൽ എന്നുവേണ്ട സകലമേഖലകളിലും മറ്റ് സംസ്ഥാനങ്ങളിൽ നബാർഡ് കോടിക്കണക്കിന് രൂപയുടെ സഹായം നൽകിവരികയാണ്. നബാർഡ് വഴി 2007-08-ൽ കേരളത്തിൽ എൽ.ഡി.എഫ്. ഭരണം തുടങ്ങിയ കാലത്ത് റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ടായി രാജ്യത്ത് 8034 കോടി രൂപ ചെലവഴിച്ചപ്പോൾ നമ്മുടെ തെക്കേ ഇന്ത്യൻ സംസ്ഥാനമായ ആന്ധ്രാപ്രദേശിൽ മാത്രം ആർ.ഐ.ഡി.ബി.-യിൽ 1000 കോടി രൂപ ചെലവഴിച്ചു. കേരളം 191 കോടി രൂപ മാത്രമാണ് ചെലവാക്കിയത്. 2008-2009-ൽ രാജ്യത്താകമാനം 10458

കോടി രൂപ ചെലവാക്കിയപ്പോൾ ആന്ധ്രാപ്രദേശ് 1018 കോടി രൂപയും തമിഴ്നാട് 1000 കോടി രൂപയും ചെലവഴിച്ചപ്പോൾ കേരളം 205 കോടി രൂപ മാത്രമാണ് ചെലവഴിച്ചത് എന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. 2009-10-ൽ 12384 കോടി രൂപ റൂറൽ ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി ചെലവഴിച്ചപ്പോൾ ആന്ധ്രാ പ്രദേശ് 1018 കോടി രൂപ, തമിഴ്നാട് 1015 കോടി രൂപയും ചെലവഴിച്ചു. ഉത്തർപ്രദേശിന്റെ കാര്യം ഞാൻ പറയുന്നില്ല. ആ സ്ഥാനത്ത് കേരളം 382 കോടി രൂപയിൽ നിൽക്കുന്നു. 2010-11-ൽ 12600 കോടി രൂപ റൂറൽ ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി ചെലവഴിച്ചപ്പോൾ കേരളം 390 കോടി രൂപയാണ് ചെലവഴിച്ചത്. 2011-12-ലാണ് ഏതാണ്ട് 14166 കോടി രൂപയിൽ നിൽക്കുമ്പോൾ കേരളം പഴയ സ്ഥാനത്തുനിന്ന് 412 കോടി രൂപയോ മറ്റോ അയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ 1000 കോടി, 800 കോടി, 750 കോടി, 1200 കോടിയൊക്കെ ചെലവഴിക്കുമ്പോൾ എന്തുകൊണ്ട് നമ്മുടെ സംസ്ഥാനം റൂറൽ ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിൽപ്പോലും കഴിഞ്ഞ ആറേഴ് വർഷക്കാലം ഇങ്ങനെ പിറകോട്ടുപോയി എന്ന് ധനാകര്യ വകുപ്പുമന്ത്രി ഈ സഭയിൽ വ്യക്തമാക്കേണ്ടേ; എന്താണ് അതിന് തടസ്സം? അതുപോലെ നോൺ പെർഫോമിംഗ് അസ്സറ്റ്സിന്റെ കാര്യം ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ ഇവിടെ സംസാരിച്ചു. നോൺ പെർഫോമിംഗ് അസ്സറ്റ്സിന്റെ കാര്യത്തിൽ നമ്മുടെ ഈ

സംസ്ഥാനത്ത് സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ ബാങ്കുകളുടെയും സ്ഥിതി എന്തായിരുന്നു? പെർഫോമിംഗ് അസ്സറ്റ്സിന്റെ കാര്യത്തിൽ ക്രൈസിസ് ഉണ്ടാക്കിയില്ലേ? സഹകരണ ബാങ്കുകളിൽ ക്രൈസിസ് ഉണ്ടായി. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പ്രസംഗിച്ചപ്പോൾ അത് പറഞ്ഞില്ലല്ലോ? നോൺ പെർഫോമിംഗ് അസ്സ റ്റ്സിനെ സംബന്ധിച്ചിടത്തോളം സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും ക്രൈസിസ് ഉണ്ടായി. ലോൺ തിരിച്ചടയ്ക്കു ന്നതിനെ സംബന്ധിച്ച് വളരെയേറെ പ്രതിസന്ധി നമ്മുടെ സംസ്ഥാനത്തു ണ്ടായി. ഇതൊക്കെ നമ്മൾ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ അറിഞ്ഞ് പ്രവർത്തിക്കേണ്ടതല്ലേ? സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും വായ്പാ വിതരണത്തിൽ കേരള ത്തിൽ വലിയ പ്രതിസന്ധിയുണ്ടായി. അക്കാര്യം നമ്മൾ അറിഞ്ഞില്ലെന്നു വേണ്ട. ഇവിടെ വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിനെ ആദ്യം എതിർത്തു. ത്രിപുരയും ബംഗാളും അവസാനം അനുകൂലിച്ചു. വൈദ്യ നാഥൻ കമ്മീഷൻ റിപ്പോർട്ടിനെ ബംഗാളും ത്രിപുരയും അനുകൂലിച്ച പ്പോഴും കഴിഞ്ഞ അഞ്ചു വർഷക്കാലം അപ്പുറത്തിരിക്കുന്ന അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് മുഖംതിരിച്ചു നിന്നു. നമ്മൾ അത് കാണണം. ഓരോ സംസ്ഥാനവും ആയിരക്കണക്കിന് കോടി രൂപ ഈ മേഖലയിൽ ചെലവഴിക്കുമ്പോൾ, മാറി നിന്ന പല സംസ്ഥാനങ്ങളും ഇതിന് അനുകൂല മായി കൈപൊക്കിയപ്പോൾ വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് അനുകൂ

ലമായി വന്നിട്ടുപോലും നമ്മൾ ഇവിടെ മിണ്ടാതെ നിന്നു. അതുകൊണ്ട് എന്തുണ്ടായി? യഥാർത്ഥ കർഷകർക്ക് ആശ്വാസമേകേണ്ടുന്ന ആയിരക്ക ണക്കിന് കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് നഷ്ടമായി. അവിടെ യാണ് ബംഗാളും ത്രിപുരയുമൊക്കെ അവസരത്തിനൊത്ത് ഉയർന്ന് അവ രുടെ കൃഷിക്കാർക്ക് നഷ്ടമാകേണ്ടുന്ന പണം അൽപ്പം താമസിച്ചാണെ ങ്കിലും better late, than never എന്ന രീതിയിലേയ്ക്ക് പോയി. കേരളം എന്തായി? കേരളം മറ്റൊന്നുമായില്ല. നബാർഡ് എന്ന് പറയുന്നത് N. A. B. A. R. D. ആണ്. അത് കേരളത്തെ സംബന്ധിച്ചിടത്തോളം Not At all Bothered About Rural Development എന്ന മേഖലയിലേയ്ക്ക് നബാർഡ് ചെന്നെത്തി. ഇതിന് മാറ്റമുണ്ടാക്കണം. ഇതിന് മാറ്റമുണ്ടാക്കാൻ യഥാർത്ഥത്തിൽ അങ്ങേയ്ക്ക് കഴിയും. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജനം, കൃഷി വിജ്ഞാന കേന്ദ്രങ്ങളിലൂടെയുള്ള ശാസ്ത്രീയ ഗവേഷണ ഫലങ്ങൾ ഉണ്ടാക്കുന്നതിൽ, തൊഴിലുറപ്പു പദ്ധതി, അതുപോലെ കൃഷിയുമായി ബന്ധപ്പെട്ട സബ്സിഡി സ്ക്കീമുകൾ - എല്ലാ മേഖലകളിലും വ്യാപരിച്ചു കിടക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ബംഗാളിലും ത്രിപുരയിലും അംഗീകരിച്ചു, കേരളം അംഗീകരിച്ചില്ല എന്നു പറഞ്ഞു. ഈ മൂന്നു സംസ്ഥാനങ്ങളിലെയും സഹകരണ പ്രസ്ഥാനങ്ങൾ ഒരുപോ ലെയാണോ? ഞാൻ നേരത്തെപ്പറഞ്ഞതുപോലെ കേരളത്തിലെ സഹക

രണ മേഖല വളരെ വലുതാണ്. ഈ പറയുന്ന 1600 കോടി രൂപ കിട്ടിയാലും അതിനേക്കാളും ഉപരിയാണ് ഇവിടത്തെ സഹകരണ പ്രസ്ഥാനം. അതുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. എം. വി. രാഘവനും അന്ന് ഇതിനെ എതിർത്തത്. ത്രിപുരയിൽ ബംഗാളിലുമൊന്നും സഹകരണ പ്രസ്ഥാനം അത്രയ്ക്ക് വലുതല്ല. അവർക്ക് കൃഷിക്കാർക്ക് കൊടുക്കാൻ ഈ തുക ആവശ്യമാണ്. മറ്റൊരു കാര്യം, ഞാൻ പറഞ്ഞത് ശ്രീ. പാലോട് രവി ഓർമ്മിച്ചില്ല. എൻ.പി.എ. എന്നുള്ളത് ഇവിടെ ശാപമാണ്. അതിനാണ്  എൽ.ഡി.എഫ്. ഗവൺമെന്റ് 240 കോടി രൂപ തന്നു എന്നു പറഞ്ഞത്. അത് സത്യമാണ്. നബാർഡ് നമ്മളെ സഹായിക്കുന്നില്ല. നബാർഡ് തന്നില്ലെങ്കിൽപ്പോലും അന്ന് സ്വന്തം പണം സംസ്ഥാന സഹകരണ ബാങ്കിൽനിന്നും അന്നത്തെ മന്ത്രി ശ്രീ. ജി. സുധാകരന്റെ സഹായത്തോടുകൂടി ഇവിടെ കൊടുത്തതാണ്..

ശ്രീ. പാലോട് രവി: സർ, കൃഷിക്കാരെ സഹായിക്കുവാൻ വേണ്ടിയുള്ള പദ്ധതിയുമായി വരുമ്പോൾ എല്ലാ സംസ്ഥാനങ്ങളും, ത്രിപുരയും ബംഗാളുമടക്കം, നിങ്ങളുടെ ആളുകൾ ഭരിക്കുമ്പോൾ അനുകൂല തീരുമാനമെടുത്തപ്പോഴും നിങ്ങൾ പുറകോട്ടു മാറിനിന്നു. ശരിയാണ്, നമുക്ക് നല്ലൊരു ശൃംഖലയുണ്ട്. ഞാനിത് ചൂണ്ടിക്കാണിക്കാൻ കാരണം അന്ന് മുട്ടാത്തർക്കങ്ങൾ പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ജി. സുധാകരനടക്കമുള്ള ആളുകൾ, പോളിറ്റ് ബ്യൂറോ തീരുമാനിക്കാതെ.......

<u>ശ്രീ. ജി. സുധാകരൻ</u>: സർ, വെറുതെ അദ്ദേഹത്തോട് എതിർക്കാനല്ല. പോയിന്റ് ഓഫ് ഓർഡർ എന്താണെന്നു വച്ചാൽ നിങ്ങൾ എതിർത്തു, നിങ്ങൾ എതിർത്തു എന്നു പറയുന്നു. ഞങ്ങൾ എതിർക്കും, നാളെയും എതിർക്കും. പ്രശ്നമതല്ല, ഞാൻ കേരള നിയമസഭയിൽ അഞ്ചുവർഷം ഉയർത്തിക്കാണിച്ച കടലാസില്ലേ, ആദ്യമായി കേരളത്തിൽ ഇതിനെ എതിർത്തത് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്. നിങ്ങൾ അത് മനസ്സിലാക്കണം. തീർന്നിട്ടില്ല, ഒന്ന്, ഡി. ഒ. ലെറ്ററാണ് അയച്ചത്. കേരളത്തിന്റെ കണ്ടീഷനിൽ പറ്റില്ല. ഇവിടെ മെഡിക്കൽ കോളേജുണ്ട്, എഞ്ചിനീയറിംഗ് കോളേജുണ്ട്. ഇതൊന്നും പരിഗണിക്കുന്നില്ല. അത് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞു. രണ്ടാമത്, ശ്രീ. എം. വി. രാഘവൻ എതിർക്കുമ്പോൾ പിന്നെ ഞാൻ അനുകൂലിക്കണോ? എന്നെ വെറുതെ വിട്ടേയ്ക്കൂ. ആരും അനുകൂലിച്ചിട്ടില്ല. ഞങ്ങൾ മാത്രമല്ല, ശ്രീ. ഉമ്മൻ ചാണ്ടിയും അനുകൂലിച്ചിട്ടില്ല.

<u>ശ്രീ. പാലോട് രവി</u>: സർ, എതിർത്തവരെല്ലാം അനുകൂലിച്ചു. ഇൻഡ്യയിലാകമാനം വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് ആദ്യമെതിർത്തവരെല്ലാം പിന്നീട് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അനുകൂലിച്ചു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ, സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലാണ് ശ്രീ. ജി. സുധാകരൻ സംസാരിച്ചത്. കാരണം ഇൻഡ്യയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്ന പ്രൊപ്പോസൽ, ആദ്യം ഡ്രാഫ്റ്റ് റിപ്പോർട്ട് വന്നുകഴിഞ്ഞപ്പോൾ

എല്ലാ സംസ്ഥാനങ്ങളും എതിർത്തു. ശ്രീ. അസീംദാസ് ഗുപ്ത എതിർത്ത് കത്തയച്ചു. അതിനുശേഷം ശ്രീ. അസീംദാസ് ഗുപ്തയുടെ ചെയർമാൻഷിപ്പിൽ മിനിസ്റ്റേഴ്സ് കമ്മിറ്റിയുണ്ടാക്കി ആ കമ്മിറ്റി പല സംസ്ഥാനങ്ങളുടെയും കാര്യത്തിൽ പ്രത്യേക ഇളവ് വാങ്ങിച്ചു. അതു പറയാതെ ഇപ്പോഴും ശ്രീ. എം. വി. രാഘവൻ എതിർത്തു, ശ്രീ. ഉമ്മൻ ചാണ്ടി എതിർത്തു എന്നു പറഞ്ഞ് വെറുതെ ആളുകളെ തെറ്റിദ്ധരിപ്പിക്കുകയാണ്.

ശ്രീ. പാലോട് രവി: സർ, ഞാൻ ബംഗാളും ത്രിപുരയും അനുകൂലിച്ചുവെന്ന് പറയുന്നത്, ശ്രീ. ഉമ്മൻചാണ്ടിയടക്കമുള്ള ആളുകൾ എതിർത്തപ്പോഴാണ് ബംഗാളിലെ ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായി ഒരു കമ്മിറ്റിയെ വച്ചത്. ആ കമ്മിറ്റി ഒരു റിപ്പോർട്ടു കൊണ്ടുവന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പശ്ചിമബംഗാളും ത്രിപുരയും അംഗീകരിച്ചു. കേരളം മാറിനിന്നു, എതിർത്തുനിന്നു. എന്തുണ്ടായി? നബാർഡ് എന്നു പറയുന്നത് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ആർക്കും വേണ്ടാത്ത ഒരു സംസ്ഥാനമായി കേരളം മാറി. നമ്മുടെ കുറ്റം നമ്മൾ തിരിച്ചറിയണം. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ ചൂണ്ടിക്കാണിച്ചതുപോലെ നബാർഡ് വെള്ളാനയാണെങ്കിൽ അതിനെ തളയ്ക്കാനുള്ള മാർഗ്ഗങ്ങൾ ഈ രാജ്യത്തില്ലേ? അവിടെ അഴിമതി നടക്കുന്നുണ്ടെങ്കിൽ അത് അന്വേഷിക്കേണ്ടതല്ലേ? അതിലൊന്നും ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ, മറ്റു പല സംസ്ഥാനങ്ങളും, അങ്ങ് എക്കണോമിക് റിവ്യൂ ഇവിടെ ചൂണ്ടിക്കാണിച്ചു. ഞാൻ ഓരോ പട്ടികയായി ഇവിടെ പറയുന്നില്ല. ഒരൊറ്റ

ഉദാഹരണം, സ്റ്റേറ്റ് വൈസ് ഡിസ്ബേഴ്സ്മെന്റിന്റെ കണക്ക് നമ്മുടെ കൈവശമുണ്ട്.. അതിനകത്ത് കേരളമില്ല. ഓരോ സംസ്ഥാനങ്ങളും, ആന്ധ്രാ പ്രദേശ് - 1028 കോടി, മധ്യപ്രദേശ് - 908 കോടി, മഹാരാഷ്ട്ര - 1129 കോടി, രാജസ്ഥാൻ - 1025 കോടി, ഉത്തർപ്രദേശ് - 1262 കോടി ഇങ്ങനെ സ്റ്റേറ്റ് വൈസ് ഡിസ്ബേഴ്സ്മെന്റ് വാങ്ങുമ്പോൾ കേരളം എവിടെയാണ്? അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് വളരെ വിനീതമായി അഭ്യർത്ഥിക്കാനുള്ളത്, അങ്ങും മുഖ്യമന്ത്രിയും ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ചുവരുത്തി കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യണം. പാർലമെന്റിൽ ഇതു സംബന്ധിച്ച് ചോദ്യമുണ്ടായി. ഓഫീസുകൾ പൂട്ടുന്നതിനെ സംബന്ധിച്ച് ശ്രീ. പി.ടി. തോമസ് പാർലമെന്റിൽ ചോദ്യമുന്നയിച്ചു. ഇന്നത്തെ രാഷ്ട്രപതി സ്ഥാനാർത്ഥിയും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുമായിരുന്ന ശ്രീ. പ്രണാബ് മുഖർജി മറുപടി പറഞ്ഞു. ഇവിടെ അപ്പുറത്തുനിന്നും ഡോ. തോമസ് ഐസക്കിന്റെ ചോദ്യമുണ്ടായി. അങ്ങ് അതിനൊരു മറുപടി പറഞ്ഞു. എനിക്ക് വളരെ ഗൗരവത്തോടെ പറയാനുള്ളത്, ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും അനുകൂലിക്കുകയും എല്ലാ സംസ്ഥാനങ്ങൾക്കും അതിന്റെ ഗുണഫലങ്ങൾ കിട്ടുകയും ചെയ്യുമ്പോൾ.... കാർഷിക മേഖലയിൽ ഇന്ന് എന്താണ് സ്ഥിതി. യഥാർത്ഥ കർഷകർക്ക് പണം കിട്ടുന്നുണ്ടോ? സ്വർണ്ണം പണയം വച്ച് ലോണെടുക്കുന്നത് കൃഷിക്കാരാണോ? യഥാർത്ഥ കൃഷിക്കാർക്ക് പണം കിട്ടുന്നില്ല, അവർക്ക് ലോൺ കിട്ടുന്നില്ല. സ്വർണ്ണ ഉരുപ്പടി

പണയം വച്ച്  പണമെടുത്ത് തിരിച്ച് നിക്ഷേപിക്കുന്നവരുണ്ട്, തിരിച്ച് പലിശയ്ക്ക് കൊടുക്കുന്നവരുണ്ട്. യഥാർത്ഥ കൃഷിക്കാരന് ഈ പണം കിട്ടാൻ, യഥാർത്ഥ തേനീച്ച കർഷകന് ഈ പണം കിട്ടാൻ, അടിസ്ഥാന സൗകര്യവികസനത്തിന് ഈ പണം ഉപയോഗിക്കാൻ, സംസ്ഥാനത്ത് എത്ര ദീർഘവീക്ഷണത്തോടെ ബഡ്ജറ്റ് അവതരിപ്പിച്ചയാളാണ് അങ്ങ്. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ഉല്പാദന വർദ്ധനവിനു വേണ്ടി ഒരു ഗ്രോത്ത് ഓറിയന്റഡ് ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ നബാർഡ് മേഖലയിൽ നമുക്കു വന്നിരിക്കുന്ന തടസ്സങ്ങൾ തീർത്തുകിട്ടാൻ അങ്ങ് ഈ നിയമസഭാ സമ്മേളനം തീരുന്ന മുറയ്ക്കുതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെടണം, നബാർഡ് ഏജൻസിയുമായി ബന്ധപ്പെടണം. ഇങ്ങനെയൊരു ചർച്ച തുടങ്ങിവയ്ക്കുന്നതിന് ശ്രീ. കെ. ശിവദാസൻ നായർ നൽകിയ നേതൃത്വം വളരെ നന്നായി, അത് ഈ സംസ്ഥാനത്തിനുവേണ്ടിയുള്ളതാണ് എന്നു പറഞ്ഞുകൊണ്ട് ഞാൻ ആ സ്പിരിറ്റിനോട് യോജിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സഭയിൽ വളരെ ആരോഗ്യപരമായ ഒരു ചർച്ചയാണ് നടന്നത്. ഇങ്ങനെയൊരു ചർച്ചയ്ക്ക് ആരംഭമിടാൻ വഴിയൊരുക്കിയ ശ്രീ. കെ. ശിവദാസൻ നായരെ ഞാൻ പ്രത്യേകിച്ച് അഭിനന്ദിക്കുകയാണ്. നമ്മൾ വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമാണ് അദ്ദേഹം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. വളരെ വിലപ്പെട്ട നിർദ്ദേശങ്ങൾ ശ്രീ. കെ. ശിവദാസൻ നായർ വയ്ക്കുകയുണ്ടായി. അതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: അങ്ങനെയാണെങ്കിൽ സബ്സ്റ്റാന്റീവ് മോഷൻ കൊണ്ടുവന്നു കൂടേ?

ശ്രീ. കെ. എം. മാണി: സർ, Under Rule 58, There is no provision for a substantive motion, no motion, no voting. ഇത് അറിയാൻ പാടില്ലേ?

ശ്രീ. എ. കെ. ബാലൻ: യുനാനിമസ്സായിട്ടാണെങ്കിൽ കൊണ്ടുവരാം.

ശ്രീ. കെ. എം. മാണി: സർ, പല വഴികളുണ്ടല്ലോ. നബാർഡ് റീ-ലൊക്കേഷൻ എന്ന ഓമനപ്പേരിൽ കേരളത്തിൽ പ്രവർത്തിച്ചിരുന്ന നാല് ജില്ലാ ഓഫീസുകൾ നിറുത്തൽ ചെയ്യുകയാണുണ്ടായത്. കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ഓഫീസിന്റെ പ്രവർത്തനം മലപ്പുറത്തേയ്ക്ക് കൂട്ടിച്ചേർത്തു. കോഴിക്കോട്ടുകാർ മലപ്പുറത്തേയ്ക്ക് ചെല്ല

ണം. അതുപോലെതന്നെ പത്തനംതിട്ടയെ ആലപ്പുഴയിലേയ്ക്ക് കൂട്ടിച്ചേർത്തു. എറണാകുളത്തേയും കൊല്ലത്തേയും തിരുവനന്തപുരത്തേയ്ക്ക് കൂട്ടിച്ചേർത്തു. ഇത് എത്ര വികൃതമായിട്ടുള്ള, എത്ര ഭാവനാശൂന്യമായിട്ടുള്ള കാര്യമാണ്. നാല് ഓഫീസുകൾ റീ-ലൊക്കേറ്റ് ചെയ്യുകയാണെന്നാണ് നബാർഡ് പറയുന്നത്. അവിടെ ബിസിനസ്സിന് ഒരു കുഴപ്പവുമില്ല, അവിടെത്തെ പ്രവർത്തനങ്ങളൊന്നും സ്തംഭിച്ചിട്ടില്ല. ആ പ്രവർത്തനങ്ങൾ നടത്താൻ സമീപജില്ലയെ ചുമതലപ്പെടുത്തി എന്നാണ് പറയുന്നത്. അങ്ങനെയാകുമ്പോൾ എറണാകുളത്തുള്ള ആളുകൾ തിരുവനന്തപുരത്തു വരണം. അതുപോലെ കൊല്ലത്തുള്ള ആളുകൾ തിരുവനന്തപുരത്തു വരണം. ഇത് കർഷകരെ സംബന്ധിച്ചിടത്തോളം എത്രയോ ബുദ്ധിമുട്ടുള്ള സംഗതിയാണെന്ന് പ്രത്യേകം പറയേണ്ട കാര്യമില്ല. ഇൻ ഇഫക്ട് അവർ നാല് ജില്ലാ ഓഫീസുകൾ നിറുത്തൽ ചെയ്തിരിക്കുകയാണ്. റീ-ലൊക്കേഷൻ എന്നല്ല അതിനു പേരു പറയേണ്ടത്, വാസ്തവത്തിൽ നാലു ഓഫീസുകൾ അടച്ചുപൂട്ടിയിരിക്കുകയാണുണ്ടായിരിക്കുന്നത്. അതിനു തുല്യമാണ് നബാർഡിന്റെ പ്രവർത്തനം എന്നാണ് എനിക്ക് ഇതിനെ സംബന്ധിച്ചിടത്തോളം പറയുവാനുള്ളത്. പക്ഷേ ഒരു കാര്യമുണ്ട്, സംസ്ഥാന ഗവൺമെന്റിന് ആധികാരികമായി ഉത്തരം പറയാവുന്ന പല കാര്യങ്ങളാണ് ഈ നിയമസഭയിൽ പ്രമേയങ്ങളായി വന്നിട്ടുള്ളത്. നിർഭാഗ്യവശാൽ പല വികാരങ്ങൾ എനിക്കുണ്ടെങ്കിലും, ഈ ഗവൺമെന്റിന് വ്യക്തമായ നിലപാടുകളുണ്ടെങ്കിലും ഇന്ന് അവതരിപ്പിച്ച ഈ പ്രമേയത്തി

ന്മേലുള്ള പ്രതിവിധിയെ സംബന്ധിച്ചിടത്തോളം ആധികാരികമായി പറയാൻ നമുക്ക് അധികാരമില്ലാത്തൊരു വിഷയമാണ്. കാരണം, NABARD is under the administrative control of the Reserve Bank which is also under the administrative control of the Central Finance Ministry. ആ നിലയ്ക്കു വരുമ്പോൾ നമുക്കിവിടെ അധികാരം അവരുടെ മേൽ ഇല്ല എന്നുള്ളതാണ്. പക്ഷേ ഈ ചർച്ച തീർച്ചയായും വളരെ ഫലപ്രദമായിരിക്കും, സ്വാധീനം ഈ ചർച്ചയ്ക്കുണ്ടായിരിക്കും എന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇതിന്റെ ഒറ്റമൂലി എന്നു പറയാൻ, എന്തെങ്കിലും ക്രിയാത്മകമായ നടപടികളെടുക്കാൻ, ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഞാൻ അശക്തനാണ്. ഒരു കാര്യം ബഹുമാനപ്പെട്ട ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നബാർഡിന്റെ ഈ നയത്തോട് സ്റ്റേറ്റ് ഗവൺമെന്റിന് യോജിപ്പില്ല. നബാർഡിന്റെ ഈ നിലപാട് തിരുത്തിയേ തീരൂ. അതിന് ഏത് അറ്റം വരെ പോകണമെങ്കിലും പോകാൻ ഈ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. രാജു എബ്രഹാം : സർ, ഇത്ര കടുത്ത പ്രതിഷേധം അങ്ങ് രേഖപ്പെടുത്തുന്നതിനോട് എല്ലാവർക്കും യോജിപ്പാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അങ്ങുൾപ്പെടെ മന്ത്രിമാർ, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരെ ഡൽഹിയിൽ കാണുകയുണ്ടായി. അതിനു മുമ്പ് ഈ ഓഫീസ് അടച്ചു പൂട്ടി. ഈ ഓഫീസ് പൂട്ടരുത് എന്നുള്ള ഒരാവശ്യം നിങ്ങളുടെ കമ്മ്യൂണിക്കെയിൽ കണ്ടില്ല. എന്തുകൊണ്ടാണ് ഇത്ര

പ്രധാനപ്പെട്ട ഒരാവശ്യം അവഗണിച്ച് ഡൽഹി യാത്ര നടത്തിയതെന്ന് അങ്ങ് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി : സർ, ഡൽഹിയിൽ ഇനി എത്രയോ വിഷയങ്ങൾ കൊണ്ടുവരാനുണ്ട്. സൂര്യനുകീഴിലുള്ള മുഴുവൻ വിഷയങ്ങളും ഞങ്ങളുടെ ഒറ്റ ഡൽഹി യാത്രകൊണ്ട് പൂർത്തയാക്കിയോ? ഇങ്ങനെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുമ്പോഴാണ് അതിന്റെ ഗൗരവം മനസ്സിലാക്കുന്നത്. ഈ ചർച്ചയിലൂടെ ഇതിന്റെ ഗൗരവം മനസ്സിലാക്കി ഈ സഭ കൂട്ടായിട്ടൊരു നിലപാട് എടുക്കാൻ പോകുകയാണ്. കൂടുതൽ ശക്തമായി ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം നമുക്ക് നീങ്ങാൻ കഴിയും. ഇന്ന് ബോംബെയിൽ നബാർഡിന്റെ ഡയറക്ടർ ബോർഡ് മീറ്റിംഗ് 11 മണിക്ക് ആരംഭിച്ചിട്ടുണ്ടായിരുന്നു. ഈ പ്രമേയം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ, ഇന്ന് രാവിലെ തിരുവനന്തപുരത്തെ നബാർഡിന്റെ റീജിയണൽ ഓഫീസുമായി ബന്ധപ്പെട്ട് നിങ്ങൾ എടുത്ത നിലപാട് തെറ്റാണ്, അത് തിരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അതുകഴിഞ്ഞ് ബോംബെയിൽ, കേരളത്തിന്റെ അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറും നബാർഡിന്റെ ഡയറക്ടർ ബോർഡ് മെമ്പറുമായ ശ്രീ. സുബ്രതോ ബിശ്വാസിനോടും ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചു. നമുക്ക് ഒരു മെമ്പർഷിപ്പേ ഉള്ളു. അദ്ദേഹം പറഞ്ഞതുകൊണ്ടുമാത്രം നബാർഡിന്റെ നയങ്ങളെ തിരുത്താൻ കഴിയുകയില്ല. ഇന്നിവിടെ പ്രമേയം കൊണ്ടുവരുന്നുണ്ട്, കേരളത്തിന്റെ ശബ്ദം ശക്തമായി നിങ്ങളവിടെ കേൾപ്പിക്കണം,

കേരളത്തിന്റെ ആവശ്യം നിങ്ങൾ മുന്നോട്ടു വയ്ക്കണം എന്ന് ഞാൻ ശ്രീ. സുബ്രതോ ബിശ്വാസിനോട് നേരിട്ട് ഫോൺവഴി പറയുകയുണ്ടായി. യോഗം കഴിഞ്ഞ് ശ്രീ. ബിശ്വാസുമായി ഞാൻ ഫോണിൽ ബന്ധപ്പെട്ടുകൊണ്ട് എന്തായി ഫലമെന്നും നിങ്ങൾ ഉന്നയിച്ചോ എന്നും ചോദിച്ചു. ശ്രീ. ബിശ്വാസ് എനിക്ക് നൽകിയ മറുപടി, വളരെ ശക്തമായി ഉന്നയിച്ചു, പക്ഷേ, അവരതിൽ ഒരു തീരുമാനവും എടുത്തില്ല എന്നാണ്. കാരണം, നമുക്കവിടെ ഭൂരിപക്ഷം ഇല്ല. ഇനി ഒറ്റ കാര്യമേ ഉള്ളു. ഒരു കാര്യം നിങ്ങളോട് ഉറപ്പിച്ചു പറയാം. തീർച്ചയായും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റിൽ, കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ, അതിനുപരി പ്രധാനമന്ത്രിയുടെ പക്കൽ ഈ വിഷയം തീർച്ചയായിട്ടും കൊണ്ടുവരികയും ഈ നയം തിരുത്തുവാൻവേണ്ടി ശക്തമായി നമുക്ക് മുന്നോട്ടുപോകുകയും ചെയ്യണം.

ശ്രീ. കെ. ശിവദാസൻനായർ : സർ, വളരെ ഗൗരവത്തോടുകൂടി നബാർഡിന്റെ ഡിസ്ട്രിക്ട് ഓഫീസുകൾ നിർത്തലാക്കിയതിനെക്കുറിച്ച് പറഞ്ഞു. ബോംബെയിൽ അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ഈ പ്രശ്നം അവതരിപ്പിച്ചു. അതിനുശേഷം നബാർഡിന്റെ മറുപടിയും അദ്ദേഹം പറഞ്ഞു. ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ നബാർഡിന്റെ മനോഭാവത്തിൽ മാറ്റങ്ങളുണ്ടാകണം. ഒന്ന്, അതൊരു ബ്യൂറോക്രാറ്റിക് ഓർഗനൈസേഷൻ എന്ന നിലയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. മുമ്പ് അതിന്റെ ഡയറക്ടർ ബോർഡിൽ കേരളത്തിൽ നിന്നുള്ള

മേലേത്ത് നാരായണൻ നമ്പ്യാർ അംഗമായിരുന്നു. അതിനുശേഷം ഒരിക്കൽപോലും ഒരു നോൺ ഒഫിഷ്യലിനെ അംഗമാക്കാൻ അവർ തയ്യാറായിട്ടില്ല. ഗവൺമെന്റ് തന്നെ മുൻകൈ എടുത്ത് അതിന്റെ അത്തരത്തിലുള്ള ഭരണസമിതിയിലെ നോൺ ഒഫിഷ്യൽ അംഗത്തിന്റെ വേക്കൻസി ഫിൽ ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് തന്നെ മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. കെ. എം. മാണി : സർ, എന്റെ അഭിപ്രായത്തിൽ ശ്രീ. കെ. ശിവദാസൻ നായരെതന്നെ അങ്ങോട്ട് അയയ്ക്കണമെന്നുള്ളതാണ്. ആ വിഷയങ്ങളൊക്കെ നമുക്ക് take-up ചെയ്യാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ നല്ല കാര്യമാണ്. അത് take-up ചെയ്യാം. ഞാൻ ഈ സഭയുടെ ശ്രദ്ധയ്ക്കുവേണ്ടി ഒരു കാര്യം പറയുകയാണ്. നബാർഡ് എന്നു പറഞ്ഞാൽ അഗ്രികൾച്ചറൽ നാഷണൽ ബാങ്ക് അല്ലേ? ഈ കൃഷിക്കാരുടെ ലക്ഷ്യം മുഴുവൻ നബാർഡിനെ ആശ്രയിച്ച് അല്ലേ? കൃഷിക്കാരുടെ വിവിധങ്ങളായിട്ടുള്ള ആവശ്യങ്ങളേയും ഗ്രാമീണ സമ്പദ്വ്യവസ്ഥയേയും ബലപ്പെടുത്തുവാനുള്ള ഇൻവെസ്റ്റുമെന്റും ക്രെഡിറ്റും കിട്ടേണ്ടത് നബാർഡിൽ നിന്നല്ലേ? എന്താണ് റിസർവ് ബാങ്ക്.......ശ്രീ. പി. ജയരാജ്, ഈ പോയിന്റ് കഴിഞ്ഞ് ഞാൻ വഴങ്ങാം. റിസർവ് ബാങ്കിന്റെ പോളിസി എന്താണ്? റിസർവ് ബാങ്ക് പറയുന്നത് ദേശവൽകൃത ബാങ്കുകളെല്ലാം കൂടുതൽ ശാഖകൾ ഗ്രാമങ്ങളിൽ ആരംഭിക്കണമെന്നാണ്. നമുക്ക് കൂടുതൽ റൂറൽ ക്രെഡിറ്റ് അക്സെസ് ഉണ്ടാകണം കൃഷിക്കാർക്ക്. കൂടുതൽ

സൗകര്യങ്ങളുണ്ടാകണം. ഈ പോളിസിക്ക് അനുഗുണമാണോ ഇപ്പോൾ നബാർഡിന്റെ പോളിസി റിസർവ് ബാങ്ക് ആലോചിക്കേണ്ടതാണ്. ഈ നടപടികൊണ്ട് കർഷകർക്ക് എക്സെസ് വായ്പ കിട്ടുന്നതിനു വേണ്ടിയുള്ള അക്സെസ് നഷ്ടപ്പെട്ടിരിക്കുന്നുവെന്നുള്ളതിനെക്കുറിച്ചാണ് റിസർവ് ബാങ്ക് അലോചിക്കേണ്ടത്. എറണാകുളത്തെ ആളുകൾ തിരുവനന്തപുരത്ത് വരണമെന്നു പറഞ്ഞാൽ, എറണാകുളം ജില്ലയിലെ കർഷകരെ സംബന്ധിച്ചിടത്തോളം അവർ തിരുവനന്തപുരത്ത് വരണമെന്ന് വരുമ്പോൾ അവർക്ക് അക്സെസിന്റെ കാര്യത്തിൽ കുറവ് വരികയാണ്. വായ്പ വാങ്ങുന്ന കാര്യത്തിൽ സൗകര്യക്കുറവുകൾ വരുമ്പോൾ കാർഷികമേഖലയിലേക്കും ഗ്രാമീണ മേഖലയിലേക്കും കൂടുതൽ ഇൻവെസ്റ്റുമെന്റും വായ്പയും അട്രാക്ട് ചെയ്യുന്നതിനും available ആക്കുന്നതിനും ഇന്നത്തെക്കാൾ സൗകര്യം കൂടുതൽ കുറയും എന്നുള്ളതുകൊണ്ട് നബാർഡ് ജില്ലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഓഫീസുകൾ നിർത്തലാക്കിയത് തീർച്ചയായും പഴയപടി പ്രവർത്തിക്കത്തക്കവണ്ണമുള്ള നടപടികൾ എടുക്കണമെന്നാണ് എനിക്ക് പറയുവാനായിട്ടുള്ളത്. ബഹുമാനപ്പെട്ട ശ്രീ. കെ. ശിവദാസൻ നായർ ആർ. ഐ. ഡി.എഫ്-ന്റെ കാര്യം പറഞ്ഞു. ആർ.ഐ.ഡി.എഫ്. -ന്റെ കാര്യത്തിൽ ഒറ്റ കാര്യം ഞാൻ സമ്മതിക്കുന്നു. ശ്രീ. പാലോട് രവിയും ഇതിനെ സംബന്ധിച്ച് പറഞ്ഞു. ആന്ധ്രക്കൊപ്പമോ തമിഴ്നാടിനൊപ്പമോ കർണ്ണാടകയ്ക്കൊപ്പമേ ആർ.ഐ.ഡി.എഫ്.-ന്റെ കാര്യത്തിൽ നമുക്ക് പുരോഗമിക്കാൻ കഴിഞ്ഞി

ട്ടില്ല അത്രയും തുക സാങ്ഷൻ ചെയ്യിക്കാനോ ഡിസ്ബേഴ്സ് ചെയ്യിപ്പിക്കാനോ കഴിഞ്ഞിട്ടില്ല എന്നുള്ളത് ശരിയാണ്. ഈ ആർ.ഐ.ഡി.എഫ്. എങ്ങനെയാണ്? സ്റ്റേറ്റു ഗവൺമെന്റ് ഇത്ര കോടി രൂപ ഇക്കൊല്ലം ആവശ്യമാണ് എന്നുപറഞ്ഞ് സ്റ്റേറ്റ് ഗവൺമെന്റിന് സാങ്ഷൻ കൊടുത്തതിനു ശേഷം നബാർഡിലേയ്ക്ക് നമ്മൾ പേപ്പർ അയയ്ക്കുകയാണ്. നമ്മൾ എത്ര എക്സ്പെൻഡിച്ചർ നടത്തിയോ ആ എക്സ്പെൻഡിച്ചറിന്റെ അടിസ്ഥാനത്തിൽ അവർ ഡിസ്ബേഴ്സ് ചെയ്യുകയാണ്. ഇതാണ് അവരുടെ നടപടി. ശ്രീ. ജി. സുധാകരനോട് ഒരു കാര്യം പറയുകയാണ്.... കുറ്റമല്ല. രാഷ്ട്രീയവുമല്ല. കഴിഞ്ഞ കാലഘട്ടത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിനേക്കാൾ കൂടുതൽ തുകകൾ available ആക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു. പുരോഗതി ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി 2008-2009-ൽ 205 കോടി രൂപയായിരുന്നു ഡിസ്ബേഴ്സ്മെന്റ്. അത് 2009 -2010-ൽ 351 ആയി. 2010-2011-ൽ 406 ആയി. 2011-12-ൽ 448 ആയി. ഡിസ്പേഴ്സ്മെന്റിന്റെ കാര്യത്തിൽ ക്രമേണ ഒരോ വർഷവും കൂടി കൂടി നമുക്ക് ഡിസ്ബേഴ്സ്മെന്റ് കിട്ടിയിട്ടുണ്ടെങ്കിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ നമ്മൾ പുറകിലാണോ എന്നുള്ള സത്യം നിലനിൽക്കുകയാണ്. നമുക്ക് കൂടുതൽ ആവശ്യമാണ്. ശ്രീ. കെ. ശിവദാസൻനായരോട് ഒരു കാര്യം ഞാൻ പറയാം. ഫിനാൻസ് മിനിസ്ട്രി ഇന്ന് നോഡൽ ഏജൻസി ആണെങ്കിലും എല്ലാ ഡിപ്പാർട്ടുമെന്റുകളാണ്. ഈ കിട്ടുന്ന തുക അല്ലെങ്കിൽ ഓരോ ഡിപ്പാർട്ടുമെന്റും ചെലവഴിക്കുന്ന യൂട്ടി

ലൈസേഷന്റെ അടിസ്ഥാനത്തിലാണ് ഈ ഡിസ്ബേഴ്സ്മെന്റ് വരുന്നത്. ഓരോ ഡിപ്പാർട്ടുമെന്റിന്റെയും യൂട്ടിലൈസേഷനാണ് അതിന്റെ പ്രധാന പ്പെട്ട ഒരു കാര്യം. 2011-12-ൽ 1062 കോടി രൂപ ഫിനാൻസ് ഡിപ്പാർട്ടു മെന്റിൽ നിന്നും നോഡൽ ഏജൻസി എന്നുള്ള നിലയ്ക്ക് നമ്മൾ അതി നുള്ള സാങ്ഷൻ സ്റ്റേറ്റ് ഗവൺമെന്റിന് കൊടുത്തു. നമ്മൾ നബാർഡി ലേയ്ക്ക് അയച്ചു. അവർ ഡിസ്ബേഴ്സ് ചെയ്തത് 448 കോടി രൂപയാണ്. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ജാഗ്രതയോടുകൂടി, പഴയ കാലഘട്ടത്തേ ക്കാൾ ഏറ്റവും ഡബിളായി; തലേ വർഷം 2010-11-ൽ 532 കോടി രൂപ യാണ് സ്റ്റേറ്റ് ഗവൺമെന്റ് സാങ്ഷൻ കൊടുത്തത് എങ്കിൽ 2011-12-ൽ ഫിനാൻസ് മിനിസ്ട്രി ഡബിളായി 1062 കോടി രൂപക്ക് സാങ്ഷൻ കൊടു ത്തു. പക്ഷേ, യൂട്ടിലൈസേഷന്റെ അടിസ്ഥാനത്തിൽ നബാർഡ് നൽകി യത് 448 കോടി രൂപയാണ്. 2012-2013-ൽ 592 കോടി രൂപയ്ക്ക് സാങ്ഷൻ നമ്മൾ നൽകിയിട്ടുണ്ട്. അതിനെത്ര അവർ തരുമെന്നുള്ളത് ഫൈനൽ ഡിസിഷൻ ആയിട്ടില്ല. ശ്രീ. കെ. ശിവദാസൻ നായർ ഇന്ററസ്റ്റിനെ സംബ ന്ധിച്ച് പറയുകയുണ്ടായി. ശരിയാണ് 17-4-2012-നുമുമ്പ് ആറര ശതമാനമാ യിരുന്നു ഇതിന് പലിശ. ഇപ്പോൾ ഏഴര ശതമാനമാക്കി ഉയർത്തിയിട്ടു ണ്ട്.. വാസ്തതവത്തിൽ നബാർഡ് ഇത്രയും പലിശ ഈടാക്കാൻ പാടില്ലാത്തതാ ണ്. നബാർഡ് ഈ പലിശ വർദ്ധന കുറവ് ചെയ്യേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്. അതുപോലെ ഇൻവെസ്റ്റുമെന്റ് ക്രെഡിറ്റിന്റെ കാര്യ

ത്തിൽ 10 ശതമാനം പലിശ ഈടാക്കുന്നു എന്നുള്ളത് കുറവ് ചെയ്യേണ്ട താണ്. നമ്മൾ എന്ത് ചെയ്യാനാണ്? നമുക്ക് അധികാരമില്ല.

ശ്രീ. ജി. സുധാകരൻ: സർ, നേരത്തെ ശ്രീ. കെ. ശിവദാസൻ നായ രും, ശ്രീ. പാലോട് രവിയുമൊക്കെ പറഞ്ഞു. അങ്ങ് ഇപ്പോൾ വീണ്ടും അതിന്റെ സ്റ്റാറ്റിസ്റ്റിക്സാണ് പറയുന്നതെന്ന് തോന്നുന്നു. ആന്ധ്രാ പ്രദേശ്, തമിഴ്നാട് തുടങ്ങിയ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീം വഴിയുംമറ്റും ധാരാളം ഫണ്ട് ലഭിക്കുന്നുണ്ട്. പക്ഷേ നമുക്ക് വേണ്ടത് ലഭിക്കുന്നില്ല. നമുക്ക് ആവശ്യമുള്ള ഫണ്ട് ചോദിച്ചുവാങ്ങണം എന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ട് എന്ന് തോന്നുന്നില്ല. ഞാൻ വേറൊരു ചോദ്യം ചോദിക്കുകയാണ്. ഈ സംസ്ഥാ നങ്ങളിൽ ക്യാബിനറ്റ് റാങ്കുള്ള മന്ത്രിമാർ പ്രത്യേകം ഇടപെട്ട് എല്ലാ കേന്ദ്ര ഏജൻസികളിൽനിന്നും സംസ്ഥാനങ്ങൾക്ക് പണം കൊടുക്കാറു ണ്ടെന്നും നമുക്കങ്ങനെ കിട്ടാറില്ലെന്നും കേരളത്തോടുള്ള അവഗണന യുടെ പേരിൽ ഒരു പാർട്ടിയുണ്ട് എന്നുള്ളത് അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: ശ്രീ. ജി. സുധാകരൻ, നമുക്ക് ഒരു ആത്മ പരിശോധന നടത്തണം. നബാർഡിനെ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിനെ മാത്രം പറയാതെ നമ്മുടെ ഭാഗത്തുനിന്ന് ചെയ്യേണ്ട മുഴുവൻ കാര്യങ്ങളും നമ്മൾ ചെയ്തോ; നമ്മുടെ സഹകരണ ബാങ്കുക ളുടെ നെറ്റ്വർത്ത് പോസിറ്റീവ് ആക്കിയിരുന്നുവെങ്കിൽ നമുക്ക് കൂടുതൽ

വായ്പകൾ തീർച്ചയായും നബാർഡിൽ നിന്നും ലഭിക്കുമായിരുന്നു. ഇവിടെ പറഞ്ഞതുപോലെ വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയിരുന്നുവെങ്കിൽ സഹകരണ ബാങ്കുകളുടെ നെഗറ്റീവ് നെറ്റ്‌വർത്ത് നികത്തുന്നതിന് 1000 കോടി രൂപയുടെ വായ്പ എഴുതിത്തള്ളാൻ കഴിയുമായിരുന്നു. ഇത് കഴിഞ്ഞശേഷം വഴങ്ങാം.........

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ ഇനി ഒരു പ്രമേയംകൂടി എടുക്കാനുണ്ട്. പ്ലീസ് ..... പ്ലീസ്..... ഇങ്ങനെയാണ് സമയം പോകുന്നത്. ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് സംസാരിക്കൂ. ഇതൊന്നും ചർച്ച ചെയ്താൽ തീരുന്നതല്ലല്ലോ.

ശ്രീ. കെ.എം.മാണി: സർ, ഇവിടെ പുനർ വായ്പയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനോട് ഒരു കാര്യം പറയട്ടെ. നെറ്റ്‌വർത്ത് നെഗറ്റീവായതുകൊണ്ട് എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സ്റ്റേറ്റ് സഹകരണ ബാങ്ക് വഴിയുള്ള വായ്പ നബാർഡ് നിറുത്തിയിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം നെറ്റ്‌വർത്ത് പോസിറ്റീവാക്കാൻ 280 കോടി രൂപ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് നല്കി എന്നുമാത്രമല്ല റീഫൈനാൻസ് ലഭിക്കുന്നതിനുവേണ്ടി 500 കോടി രൂപയ്ക്ക് ഈ ഗവൺമെന്റ് ഗ്യാരന്റി നില്ക്കുകകൂടി ചെയ്തു.. എത്ര ജാഗ്രതയോടുകൂടിയാണ് സ്റ്റേറ്റ് ഗവൺമെന്റ് ഇപ്പോൾ പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കാൻവേണ്ടി പറഞ്ഞതാണ്. അതിന്റെ ഫലമായി നാലര ശതമാനം പലിശയ്ക്ക് 466 കോടി രൂപ

നബാർഡിൽ നിന്നും വാങ്ങിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു നമുക്കുണ്ടായ ചില ലാപ്സസ് തിരുത്തിവരികയാണ്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ  ഒരു ആത്മപരിശോധന നടത്തണം എന്ന് ഞാൻ പറഞ്ഞത്.  അതുപോലെതന്നെ അഡീഷണലായിട്ട് സംസ്ഥാന കാർഷിക വികസന ബാങ്കിന് 1000 കോടി രൂപയാണ് ഈ ഗവൺമെന്റ് നല്കിയത് എന്നുള്ള കാര്യവുംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാർഷിക വായ്പ നമുക്ക് കുറയാനുണ്ടായ സാഹചര്യം, നബാർഡ് കാലാകാലങ്ങളിൽ നിർദ്ദേശിച്ച സാമ്പത്തിക  പരിഷ്കാരങ്ങൾ സഹകരണമേഖലയിൽ നടപ്പിലാക്കുന്നതിൽ നമ്മൾ പുറകോട്ട് പോയതിന്റെ ഫലമാണ്. നമുക്ക് ഒരുപാട് നഷ്ടങ്ങൾ വന്നിട്ടുണ്ട്..  ഒരു കാര്യം ഞാൻ പറയട്ടെ, ഒരു ആത്മപരിശോധനയുടെ അടിസ്ഥാനത്തിൽ പല കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.  ഒന്ന്,  നബാർഡ് പറഞ്ഞ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കണം, രണ്ട്, നമ്മുടെ സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം എല്ലാ ഡിപ്പാർട്ടുമെന്റുകളും യൂട്ടിലൈസേഷൻ കൂടുതൽ ആഗ്മെന്റ് ചെയ്യണം.  സമയത്ത്  യൂട്ടിലൈസ് ചെയ്യണം.  യൂട്ടിലൈസേഷന്റെ അടിസ്ഥാനത്തിൽ  ഡിസ്ബേഴ്സ്മെന്റ് കൂടുതൽ കൈവരുത്തുവാൻ കഴിയും.  ഇതൊക്കെ നമ്മൾ ചെയ്യേണ്ട വിഷയമാണ്. പക്ഷേ നബാർഡിനെ സംബന്ധിച്ചിടത്തോളം അവർ അനുവർത്തിച്ചുവരുന്ന ഇന്നത്തെ  നയങ്ങൾ തിരുത്തണം.  ഇങ്ങനെയുള്ള രീതിയിലല്ല അവർ പ്രവർത്തിക്കേണ്ടത് ഇപ്പോഴവർ എടുത്തിരിക്കുന്ന നിലപാട് തികച്ചും

നമ്മുടെ കർഷിക സമ്പദ്‌വ്യവസ്ഥയെ തളർത്തുന്നതിനുമാത്രമേ ഉപകരിക്കു. ഇതൊരിക്കലും കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് നല്ലതല്ല. ഇത് നമ്മെ ദോഷകരമായി ബാധിക്കും എന്നുള്ളതുകൊണ്ട് ഈ നയം തിരുത്തിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്, അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് പ്രമേയാവതാരകനെ, ഈ സഭയെ അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.